പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 18

# 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 18

# 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ

850/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 18

# 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ

## 1999-ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1999-ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപനിധി ആക്റ്റ് (2000-ത്തിലെ 4) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2016 ആഗസ്റ്റ് മാസം 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്റ്റിലെ (2000-ത്തിലെ 4) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (എ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(എഎ) "കൺസെഷനർ" എന്നാൽ ഒരു പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യമേഖല പങ്കാളി എന്നർത്ഥമാകുന്നു;

(എബി) "കൺസെഷൻ കരാർ" എന്നാൽ ഒരു പൊതു-സ്വകാര്യ പങ്കാളിത്തത്തിനുവേണ്ടിയും അത് സംബന്ധിച്ചും ഒരു പൊതു ഏജൻസിയും ഒരു സ്വകാര്യമേഖല പങ്കാളിയും തമ്മിലുണ്ടാക്കിയ ഒരു കരാർ എന്നർത്ഥമാകുന്നു;

(എസി) "വിശദമായ പ്രോജക്റ്റ് പഠനം" എന്നാൽ പ്രാഥമിക നിക്ഷേപത്തിനുള്ള തീരുമാനമെടുത്തതിനുശേഷം മൂലധന ചെലവ്, സാങ്കേതിക വിദ്യാപരമായ മാനദണ്ഡങ്ങൾ, ഉപയോഗിക്കുന്ന സാങ്കേതിക വിദ്യയുടെ വിവരണം, സാങ്കേതിക വിവരണങ്ങൾ, സാമ്പത്തിക നിക്ഷേപത്തെ സഹായിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പട്ടിക, പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള ആസൂത്രണം, പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള മറ്റ് വിവരങ്ങൾ എന്നിവ നിർണ്ണയിക്കുന്നതിനുവേണ്ടി നടത്തുന്ന വിശദമായ പ്രോജക്റ്റ് പഠനം എന്നർത്ഥമാകുന്നു;

(എഡി) "എക്സിക്യൂട്ടീവ് കമ്മിറ്റി" എന്നാൽ 6ബി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റി എന്നർത്ഥമാകുന്നു;

(എഇ) "സാധ്യതാപഠനം" എന്നാൽ, നിക്ഷേപം നടത്തുന്നതിനുള്ള തീരുമാനം എടുക്കുന്നതിന് വേണ്ടി, ഒരു പ്രോജക്റ്റിന്റെ സാങ്കേതികവും സാമ്പത്തികവുമായ വിജയസാധ്യതകൾ, സാമൂഹ്യവും പാരിസ്ഥിതികവുമായ പ്രത്യാഘാതങ്ങൾ എന്നിവ നിർണ്ണയിക്കുന്നതിനുള്ള ഒരു പ്രാഥമിക പഠനം എന്നർത്ഥമാകുന്നതും അതിൽ സേവനങ്ങളുടെ ആവശ്യകത, സ്വീകരിക്കേണ്ട അനുയോജ്യമായ സാങ്കേതികവിദ്യ, മൂലധനചെലവ്, നടപ്പിലാക്കുന്നതിന് ആവശ്യമായ സമയം, പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള മറ്റ് വിവരങ്ങൾ എന്നിവ ഉൾപ്പെടുന്നതുമാകുന്നു;";

(ii) (ഇ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഇഎ) "സർക്കാർ കമ്പനി" എന്നാൽ സർക്കാരിനോ മറ്റ് സംസ്ഥാന സർക്കാരുകൾക്കോ അമ്പത്തിയൊന്ന് ശതമാനത്തിൽ കുറയാതെയുള്ള, കൊടുത്ത് തീർത്ത ഓഹരി മൂലധനം ഉള്ളതായ, ഏതെങ്കിലും ഒരു കമ്പനി എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും സർക്കാർ കമ്പനിയുടെ സബ്സിഡിയറി ആയ ഒരു കമ്പനി ഉൾപ്പെടുന്നതുമാകുന്നു;

(ഇബി) "അടിസ്ഥാനസൗകര്യം" എന്നാൽ രണ്ടാം പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും ഒന്നോ അതിലധികമോ മേഖലകളിലുള്ള ആസ്തികൾ അല്ലെങ്കിൽ സേവനങ്ങൾ എന്നർത്ഥമാകുന്നു;"

(iii) (എഫ്) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഫ്) "അടിസ്ഥാനസൗകര്യ പ്രോജക്റ്റുകൾ" എന്നതിൽ രണ്ടാം പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള പ്രോജക്റ്റുകളും അതിൽ വ്യക്തമാക്കിയിട്ടുള്ള ഒന്നോ അതിലധികമോ മേഖലകൾ ഉൾപ്പെടുന്ന വിവിധോദ്ദേശ്യ പ്രോജക്റ്റുകളും ഉൾപ്പെടുന്നതാകുന്നു;"

(iv) (എച്ച്) ഖണ്ഡത്തിൽ, "നാൽപ്പത് ശതമാനത്തിൽ", "അൻപത് ശതമാനത്തിൽ" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിയാറ് ശതമാനത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(v) (ഐ) ഖണ്ഡത്തിൽ "അൻപത് ശതമാനത്തിൽ" എന്ന വാക്കുകൾക്ക് പകരം "അൻപത്തിയൊന്ന് ശതമാനത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(vi) (ഐ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) "സ്വകാര്യമേഖലാപങ്കാളി" എന്നാൽ ഒരു പൊതു ഏജൻസിയോ കേന്ദ്രസർക്കാരോ കേന്ദ്രസർക്കാരിന്റെ ഒരു പൊതുമേഖലാ സംരംഭമോ അല്ലാതെയുള്ള ഏതെങ്കിലും ആൾ അല്ലെങ്കിൽ സ്ഥാപനം എന്നർത്ഥമാകുന്നു;

(ഐബി) "പ്രോജക്റ്റ്" എന്നാൽ ഒരു അടിസ്ഥാനസൗകര്യ പ്രോജക്റ്റ് എന്നർത്ഥമാകുന്നതും അതിൽ ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യ പ്രോജക്റ്റുകൾ ഉൾപ്പെടുന്നതുമാകുന്നു;

വിശദീകരണം:—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി 'ഭൗതിക അടിസ്ഥാന സൗകര്യ പ്രോജക്റ്റുകൾ' എന്നാൽ പ്രധാനമായും പ്രകടമായ ആസ്തികൾ നിർമ്മിക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള പ്രോജക്റ്റുകൾ എന്നും 'സാമൂഹിക അടിസ്ഥാനസൗകര്യ പ്രോജക്റ്റുകൾ' എന്നാൽ സ്കൂളുകൾ, സാമൂഹിക സേവനങ്ങൾ മുതലായവ പോലുള്ള പ്രകടമല്ലാത്ത സാമൂഹിക ആസ്തികൾ എന്നും അർത്ഥമാകുന്നു.

(ഐസി) "പൊതു-സ്വകാര്യ പങ്കാളിത്തം" എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഒരു പൊതു ഏജൻസിയും ഒരു സ്വകാര്യ മേഖലാപങ്കാളിയും തമ്മിലുള്ള ഒരു ക്രമീകരണം എന്നർത്ഥമാകുന്നതും അതിൽ സ്വകാര്യമേഖലാപങ്കാളി ഏറ്റെടുത്തിട്ടുള്ള നിക്ഷേപം, രൂപകല്പന, വികസനം, നിർമ്മാണം, പരിപാലനം, അല്ലെങ്കിൽ പ്രവർത്തനം എന്നിവ ഉൾപ്പെടുന്നതും, അതിൽ രൂപകല്പന, നിർമ്മാണം എന്നീ ഘട്ടങ്ങൾക്കുമപ്പുറത്തേക്ക് സ്വകാര്യമേഖലാപങ്കാളി നഷ്ടസാധ്യത ഏറ്റെടുക്കുന്ന വിധത്തിൽ, നഷ്ടസാധ്യതകൾ പങ്കുവെയ്ക്കപ്പെടുകയും യൂസർ ചാർജിന്റേയോ ആന്വിറ്റിയുടേയോ അല്ലെങ്കിൽ ഒറ്റത്തവണയായി പണം നൽകുന്നതോ ആയ രൂപത്തിൽ, സേവനങ്ങൾക്കുള്ള തുക നൽകലുകൾ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നതാണ്;

(ഐഡി) "പൊതു ഏജൻസി" എന്നാൽ സർക്കാരിന്റെ ഏതെങ്കിലും വകുപ്പ്, സർക്കാരിന്റെ ഏതെങ്കിലും പൊതുമേഖലാ സംരംഭം, സർക്കാർ കമ്പനി, സർക്കാർ രൂപീകരിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനം, സർവ്വകലാശാല, സർക്കാർ രൂപീകരിച്ചതോ സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും സംഘം അല്ലെങ്കിൽ ട്രസ്റ്റ് എന്നർത്ഥമാകുന്നു.".

(vii) (കെ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(കെഎ) "സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ" എന്നാൽ ബോർഡ് സാമ്പത്തിക സഹായം നൽകുന്ന ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കുന്നതിനായി രൂപീകരിക്കപ്പെട്ട പൊതു ഏജൻസി, പൊതുമേഖലാ സംരംഭം അല്ലെങ്കിൽ പൊതു-സ്വകാര്യപങ്കാളിത്തം എന്നർത്ഥമാകുന്നു;

(കെബി) "സ്പോൺസറിംഗ് ഏജൻസി" എന്നാൽ പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ ഒരു പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് ബോർഡ് നിയോഗിച്ചിട്ടുള്ള ഒരു പൊതു ഏജൻസി എന്നർത്ഥമാകുന്നു;".

(viii) (എൽ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എൽഎ) "സംസ്ഥാന സഹായം" എന്നാൽ ഒരു കൺസെഷനർക്ക് സർക്കാർ നൽകുന്ന സഹായം എന്നർത്ഥമാകുന്നതും, അതിൽ,—

(i) പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള പ്രോജക്റ്റ് ചെലവിന്റെ അനുപാതത്തിൽ കവിയാതെയുള്ള സബ്സിഡി അല്ലെങ്കിൽ മൂലധനഗ്രാന്റ്;

(ii) ഇക്വിറ്റി;

(iii) വായ്പകൾ;

(iv) സർക്കാർ നൽകുന്ന ഗ്യാരണ്ടി;

(v) എസ്ക്രോ അക്കൗണ്ട് ആരംഭിക്കലും പ്രവർത്തനവും;

(vi) ഏതെങ്കിലും ഭൂമി വികസിപ്പിക്കുന്നതിനുള്ള അവകാശം നൽകൽ;

(vii) ഏതെങ്കിലും നിയമത്തിൻകീഴിൽ ചുമത്തുന്ന ഏതെങ്കിലും നികുതിയോ ഫീസോ നൽകുന്നതിൽ നിന്നും ഇളവ് നൽകുക, അപ്രകാരം നൽകുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുക എന്നീ രൂപത്തിലുള്ള ഇൻസെന്റീവുകൾ അല്ലെങ്കിൽ പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള മറ്റ് ഇൻസെന്റീവുകൾ,—

എന്നിവ ഉൾപ്പെടുന്നതുമാകുന്നു.".

(ix) (എം) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എംഎ) "യൂസർലെവി" എന്നാൽ ഒരു അടിസ്ഥാന സൗകര്യ സംവിധാനം ഉപയോഗിക്കുന്ന ആൾ നൽകേണ്ട യൂസർ ചാർജ്, ഫീസ് അല്ലെങ്കിൽ മറ്റേതെങ്കിലും തുക, അത് ഏത് പേരിൽ വിളിക്കപ്പെട്ടാലും, എന്നർത്ഥമാകുന്നു.".

3. <u>3-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 3-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1എ) ഫണ്ട് കോർപ്പസിൽ താഴെ (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള തുകകളുടെ ആകെത്തുക ഉൾപ്പെടുന്നതാകുന്നു.";

(ബി) (2)-ാം ഉപവകുപ്പിൽ (എ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എ) 7-ാം വകുപ്പ് പ്രകാരം ബജറ്റ് വിഹിതത്തിൽ നിന്നും ബോർഡിന് നൽകിയിട്ടുള്ള തുകകൾ.";

(സി) (സി) ഖണ്ഡത്തിൽ "സർക്കാരോ ഏതെങ്കിലും സ്ഥാപനമോ" എന്ന വാക്കുകൾക്ക് പകരം "ഏതെങ്കിലും സ്ഥാപനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.";

(ഡി) (3)-ാം ഉപവകുപ്പിൽ "ഭരണം" എന്ന വാക്കിനുശേഷം "പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള രീതിയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഇ) (4)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ "പണം നൽകുന്നതിന്" എന്ന വാക്കുകൾക്ക് പകരം "പണം നൽകുന്നതിനോ അല്ലെങ്കിൽ അത് വർദ്ധിപ്പിക്കുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (സി) ഖണ്ഡത്തിൽ "ബോണ്ടുകളും കടപ്പത്രങ്ങളും" എന്ന വാക്കുകൾക്ക് പകരം "ബോണ്ടുകളോ കടപ്പത്രങ്ങളോ മറ്റേതെങ്കിലും ധനപരമായ പ്രമാണങ്ങളോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (സി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(സിഎ) അടിസ്ഥാന സൗകര്യ പ്രോജക്റ്റുകൾക്കും സർക്കാരിന്റെ മറ്റ് ആവശ്യങ്ങൾക്കും വേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിക്ഷേപങ്ങൾക്കും ധനപരമായ പ്രമാണങ്ങൾക്കും പണം നൽകുന്നതിന് അല്ലെങ്കിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന്;

(സിബി) വിവിധ മേഖലകളിലെയോ അതിന്റെ ഭാഗങ്ങളിലെയോ വിഭവങ്ങൾ സംയോജിപ്പിക്കേണ്ട ആവശ്യകത കാരണം ധനസഹായം ലഭിക്കുന്നതിന് പ്രതിബന്ധം നേരിടുന്ന പ്രോജക്റ്റുകൾക്ക് ധനസഹായം നൽകുക;

(സിസി) പൊതുസംരംഭങ്ങളോ മറ്റ് സംരംഭങ്ങളോ ഉൾപ്പെടെയുള്ള നിയമപരമായ സ്ഥാപനങ്ങളുടെയോ, ഇൻസ്ട്രുമെന്റാലിറ്റികളുടെയോ അർഹമായ പ്രോജക്റ്റുകൾ, പരിപാടികൾ എന്നിവയ്ക്ക്, ദേശീയ/സംസ്ഥാന/തദ്ദേശ ഭരണ പദ്ധതികളിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളതായി സംസ്ഥാനം കണ്ടെത്തിയിട്ടുള്ള, അടിസ്ഥാനസൗകര്യ പ്രോജക്റ്റുകളിൽ മുതൽമുടക്കുന്നതിനായി, നേരിട്ട് വായ്പകളും വായ്പാഗ്യാരണ്ടികളും നൽകുക".

(എഫ്) (5)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) 7-ാം വകുപ്പിൻകീഴിൽ സർക്കാർ നൽകുന്ന പണം അല്ലാതെ (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള എല്ലാ പണവും ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെ സമ്മതത്തോടെയും ബോർഡിന്റെ അംഗീകാരത്തോടുംകൂടി ഒരു ദേശസാൽകൃത ബാങ്കിലോ അപ്രകാരമുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിലോ നിക്ഷേപം നടത്തേണ്ടതാണ്:

എന്നാൽ 7-ാം വകുപ്പ് പ്രകാരം സർക്കാർ നൽകുന്ന പണത്തിന്റെ ഏതെങ്കിലും ഭാഗം, ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ യൂണിയന്റെയോ സംസ്ഥാനങ്ങളുടെയോ സോവറിൻ ബോണ്ടുകളിലോ സംസ്ഥാന ട്രഷറിയല്ലാതെയുള്ള അപ്രകാരമുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിലോ സർക്കാരിന്റെ പ്രത്യേക അംഗീകാരത്തോടുകൂടി നിക്ഷേപിക്കുകയോ മുതൽ മുടക്കുകയോ ചെയ്യാവുന്നതും അത് ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെ സമ്മതത്തോടുകൂടി ചെയ്യേണ്ടതുമാണ്.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, 'വിവേകപൂർവ്വമായ നിക്ഷേപം' എന്നാൽ പ്രസ്തുത വിഭാഗത്തിലുള്ള നിക്ഷേപത്തിന് ഉചിതമായ റഗുലേറ്ററി സ്ഥാപനം അല്ലെങ്കിൽ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി ഏറ്റവും ഉയർന്ന റേറ്റിംഗ് നൽകിയിട്ടുള്ള നിക്ഷേപങ്ങൾ എന്നർത്ഥമാകുന്നു.";

(ജി) (6)-ാം ഉപവകുപ്പിൽ,—

(i) "പട്ടികയിലും" എന്ന വാക്കിനു പകരം "ഒന്നാം പട്ടികയിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (6)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6എ) ബോർഡിന്റെ അക്കൗണ്ടുകൾ ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതാണ്:

എന്നാൽ ബോർഡിന്, ബോർഡിന്റെ ഒന്നോ അതിലധികമോ ഉദ്യോഗസ്ഥർക്ക് അക്കൗണ്ടുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അധികാരം ഏൽപ്പിച്ചുകൊടുക്കാവുന്നതും അതിനു യുക്തമെന്നു തോന്നുന്ന സാമ്പത്തികപരിധി നിശ്ചയിക്കാവുന്നതുമാണ്.";

(എച്ച്) (7)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:

"(8) സർക്കാർ, വാർഷിക ബജറ്റിന്റെ അവതരണത്തോടൊപ്പം താഴെപ്പറയുന്ന രേഖകൾ സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്,—

(എ) ബോർഡിന്റെ ധനാഗമ മാർഗ്ഗങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ്;

(ബി) ഈ ആക്റ്റിൽ വ്യവസ്ഥചെയ്ത പ്രകാരം ബോർഡിന്റെ ധനം ഉദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾക്കായി ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ടെന്നും മിച്ചമുള്ള ധനം കൈകാര്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കിക്കൊണ്ട് ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷനിൽ നിന്നുള്ള ഒരു സർട്ടിഫിക്കറ്റ്.''.

4. 3എ. എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''3എ. അർഹമായ പ്രോജക്റ്റുകൾ.—(1) ബോർഡിലേക്ക് സർക്കാർ റഫർ ചെയ്തിട്ടുള്ളതും, ബോർഡ് അംഗീകരിച്ചിട്ടുള്ളതുമായ പ്രോജക്റ്റുകൾ, നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹമായ പ്രോജക്റ്റുകൾ ആയിരിക്കുന്നതാണ്.

(2) ഒരു പൊതു ഏജൻസി നടപ്പിലാക്കുന്ന അർഹമായ പ്രോജക്റ്റുകൾ, 100,00,00,000 രൂപയിൽ (നൂറുകോടി രൂപ) കവിയുന്ന മൂല്യമുള്ളത് ആയിരിക്കേണ്ടതാണ്:

എന്നാൽ, മൂല്യം നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി, പത്ത് കോടി രൂപയിൽ കുറയാത്ത പ്രോജക്റ്റുകളെ 'ട്രാഞ്ചസ്' ആയി തരംതിരിക്കാവുന്നതും അവയിലോരോന്നും, മൂല്യം സംബന്ധിച്ച് (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥയ്ക്കനുസൃതമായിരിക്കേണ്ടതുമാണ്:

എന്നുമാത്രമല്ല, സർക്കാരിന്, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ ഏതൊരു പൊതു-സ്വകാര്യ പങ്കാളിത്ത പ്രോജക്റ്റിനും ബാധകമാക്കാവുന്നതാണ്:

എന്നിരുന്നാലും, സംസ്ഥാന സർക്കാരുമായി ചേർന്നുള്ള സംയുക്ത സംരംഭമൊഴികെ, കേന്ദ്ര സർക്കാരോ, കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും പൊതു സംരംഭമോ സ്വതന്ത്രമായി ഏറ്റെടുത്തിട്ടുള്ള ഏതെങ്കിലും പ്രോജക്റ്റിന് ഇത് ബാധകമാകുന്നതല്ല.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി ഒരു പൊതു-സ്വകാര്യ പങ്കാളിത്ത പ്രോജക്റ്റിന്റെ സംഗതിയിൽ, 'പ്രോജക്റ്റ് മൂല്യം' എന്നാൽ സ്വകാര്യ മേഖലാപങ്കാളി,—

(i) മൂലധന നിക്ഷേപം നടത്തേണ്ട ആവശ്യമുള്ളിടത്ത്, സ്വകാര്യ മേഖലാ പങ്കാളി, ഭൂമിയുടെ വില വഹിക്കേണ്ടപക്ഷം, ഭൂമിയുടെ വില ഉൾപ്പെടെ, നിർമ്മിക്കേണ്ടതായ ആസ്തിയുടെ അല്ലെങ്കിൽ സംവിധാനത്തിന്റെ മൂല്യം;

(ii) മൂലധന നിക്ഷേപം നടത്തേണ്ട ആവശ്യമില്ലാത്തിടത്ത്, ഭൂമിയുടെ വില ഒഴികെ പ്രവർത്തനവും പരിപാലനവും സ്വകാര്യമേഖലാ പങ്കാളിയുടെ ഉത്തരവാദിത്വമായിരിക്കുന്ന ആസ്തിയുടെയോ സംവിധാനത്തിന്റെയോ പുനഃസ്ഥാപനമൂല്യം.''.

5. 4-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(2എ) ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ് .'';

(ബി) (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

| | | |
|---|---|---|
| (എ) | മുഖ്യമന്ത്രി | .. ചെയർപേഴ്സൺ |
| (ബി) | ധനകാര്യമന്ത്രി | .. വൈസ്-ചെയർപേഴ്സൺ |
| (സി) | സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ്-ചെയർമാൻ | .. അംഗം |
| (ഡി) | ചീഫ് സെക്രട്ടറി | .. അംഗം |
| (ഇ) | സെക്രട്ടറി (നിയമം) | .. അംഗം |
| (എഫ്) | സെക്രട്ടറി (ധനകാര്യം) | .. അംഗം |
| (ജി) | സെക്രട്ടറി (ധനകാര്യ-റിസോഴ്സസ്) | .. അംഗം |
| (എച്ച്) | ധനകാര്യം, സാമ്പത്തിക ശാസ്ത്രം, ബാങ്കിംഗ് എന്നിവയിൽ ഒന്നോ അതിലധികമോ മേഖലകളിൽ ദേശീയ പ്രശസ്തിയുള്ള ഒരു സ്ഥാപനത്തിൽ പ്രവർത്തിച്ചിട്ടുള്ള വിദഗ്ദ്ധരായ ഏഴ് സ്വതന്ത്ര അംഗങ്ങൾ | .. അംഗങ്ങൾ |
| (ഐ) | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | .. മെമ്പർ സെക്രട്ടറി |

<u>വിശദീകരണം</u>:—ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ആവശ്യത്തിലേക്കായി 'സെക്രട്ടറി' എന്ന പദം, അതതു സംഗതിപോലെ, സർക്കാരിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി അല്ലെങ്കിൽ സ്പെഷ്യൽ സെക്രട്ടറി എന്ന് സൂചിപ്പിക്കുന്നതാണ്.";

(സി) (4)-ാം ഉപവകുപ്പിനുപകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ബോർഡിന്, ചെയർപേഴ്സന്റെ വിവേചനാനുസരണം, ബോർഡിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി പരിഗണിക്കപ്പെടുന്ന പ്രോജക്റ്റുമായി ബന്ധപ്പെട്ട വകുപ്പിലെ മന്ത്രിയെയോ സെക്രട്ടറിയെയോ യോഗത്തിൽ പങ്കെടുക്കുന്നതിനായി ക്ഷണിക്കാവുന്നതാണ്."

(ഡി) (5) മുതൽ (7) വരെയുള്ള ഉപവകുപ്പുകൾ വിട്ടുകളയേണ്ടതാണ്.

6. 5എ. എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 5-ാം വകുപ്പിനു ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"5എ. ബോർഡിന്റെ യോഗങ്ങൾ.—(1) ബോർഡ്, പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതും, അതിന്റെ യോഗങ്ങളിലെ കാര്യനിർവ്വഹണം സംബന്ധിച്ച് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

(2) ബോർഡിന്റെ യോഗങ്ങളിൽ ചെയർപേഴ്സൺ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്. ബോർഡിലെ ചെയർപേഴ്സന്റെ അഭാവത്തിൽ വൈസ്-ചെയർപേഴ്സൺ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്. ബോർഡിന്റെ യോഗങ്ങളുടെ കൺവീനർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയിരിക്കുന്നതാണ്.

(3) ബോർഡിലെ യോഗത്തിനുള്ള അജണ്ട യോഗത്തിൽ ഹാജരായതും വോട്ട് ചെയ്തതുമായ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ തീരുമാനിക്കുന്നതും, വോട്ടുകൾ തുല്യമാകുന്ന സംഗതിയിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ആളിന് രണ്ടാമത് ഒരു വോട്ടോ കാസ്റ്റിംഗ് വോട്ടോ ഉണ്ടായിരിക്കുന്നതുമാണ്.

(4) യോഗത്തിനുള്ള ക്വാറം ആറ് ആയിരിക്കുന്നതാണ്.

(5) ബോർഡ് യോഗങ്ങളിൽ ചെയർപേഴ്സന്റെ അഭാവത്തിൽ എടുക്കുന്ന, നിക്ഷേപങ്ങളെ സംബന്ധിച്ചുള്ള എല്ലാ തീരുമാനങ്ങളും നടപ്പിലാക്കുന്നതിനുമുൻപായി ചെയർപേഴ്സന്റെ സാധൂകരണം നേടേണ്ടതാണ്.

(6) ബോർഡിലെ അംഗങ്ങൾക്ക്, ചെയർപേഴ്സന്റെ അനുമതിയോടെ ബോർഡിന്റെ യോഗങ്ങളിൽ വീഡിയോ കോൺഫറൻസിംഗ് വഴി പങ്കെടുക്കാവുന്നതാണ്.

(7) ബോർഡിന്റെ യാതൊരു പ്രവൃത്തിയോ നടപടികളോ അതിന്റെ അംഗങ്ങൾക്കിടയിൽ ഏതെങ്കിലും ഒഴിവ് ഉണ്ടെന്നോ, അല്ലെങ്കിൽ അതിന്റെ രൂപീകരണത്തിൽ ഏതെങ്കിലും ന്യൂനത ഉണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.".

7. 6-ാം വകുപ്പിന് പകരം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"6. ബോർഡിന്റെ ചുമതലകൾ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബോർഡിന് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) നിധി മുഖേന സാമ്പത്തിക സഹായത്തിന് അർഹമായ പ്രോജക്റ്റുകൾ തിരഞ്ഞെടുക്കുന്നത് അംഗീകരിക്കുക;

(ബി) നിധി വർദ്ധിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും വിനിയോഗിക്കുന്നതിനും വേണ്ടിയുള്ള വിഭവസമാഹരണം അധികാരപ്പെടുത്തുക;

(സി) പൊതുമേഖല മുഖേനയോ ഒരു പൊതു-സ്വകാര്യ പങ്കാളിത്തം മുഖേനയോ പ്രോജക്റ്റ് നടപ്പിലാക്കുന്ന പൊതു ഏജൻസിയെ അംഗീകരിക്കുക;

(ഡി) പൊതു-സ്വകാര്യ പങ്കാളിത്ത പ്രോജക്റ്റുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച കാര്യങ്ങളിൽ, സർക്കാരിന്റെയും ഏതെങ്കിലും പൊതുഏജൻസിയുടെയും സ്പോൺസറിംഗ് ഏജൻസിയുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക;

(ഇ) ധനസഹായത്തിനുള്ള സ്രോതസ്സുകൾ കണ്ടെത്തുകയും വിഭവസമാഹരണത്തിനുള്ള അനുയോജ്യമാർഗ്ഗങ്ങൾ അംഗീകരിക്കുകയും ചെയ്യുക;

(എഫ്) പ്രോജക്റ്റുകൾക്കുള്ള പ്രതിബന്ധങ്ങൾ കണ്ടെത്തുകയും അത് പരിഹരിക്കുന്നതിനുള്ള നയപരമായ ഉദ്യമങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക;

(ജി) പ്രോജക്റ്റിന്റെ നഷ്ടസാധ്യതകൾ കണ്ടെത്തുകയും, തത്പരകക്ഷികൾക്കിടയിൽ അവ പങ്കുവെയ്ക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്ന വിധത്തിൽ, അർഹമായ പദ്ധതികളെ സംബന്ധിച്ച് നയങ്ങൾ രൂപീകരിക്കുക, ശിപാർശ ചെയ്യുക എന്നിവ;

(എച്ച്) സർക്കാർ അതിന് ഏല്പിച്ചുകൊടുക്കാവുന്ന പ്രകാരമുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക.

6എ. <u>ബോർഡിന്റെ പൊതുവായ അധികാരങ്ങൾ.</u>—ബോർഡിന്, ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യത്തിലേക്കായി, താഴെപ്പറയും പ്രകാരമുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും പ്രോജക്റ്റിനെ സംബന്ധിച്ചുള്ള വിവരം നൽകുന്നതിനായി ഏതെങ്കിലും പൊതു ഏജൻസിയോടോ കൺസെഷനറോടോ ഏതെങ്കിലും ആളിനോടോ ആവശ്യപ്പെടുക;

(ബി) ഏതെങ്കിലും പ്രോജക്റ്റോ അത് നടപ്പിലാക്കുന്നതോ അതിന്റെ പ്രവർത്തനമോ പരിപാലനമോ പരിശോധിക്കുകയും അല്ലെങ്കിൽ പരിശോധിക്കാൻ ഇടയാക്കുകയും നിരീക്ഷണം നടത്തുകയും ചെയ്യുക;

(സി) അതിന്റെ സ്വന്തം നടപടിക്രമങ്ങൾ നിയന്ത്രിക്കുക;

(ഡി) നിധിയിലേക്ക് വിഭവസമാഹരണം നടത്തുകയും അത് വിനിയോഗിക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളും പ്രമാണങ്ങളും അംഗീകരിക്കുക;

(ഇ) പദ്ധതിപ്രകാരമുള്ള അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുക;

(എഫ്) ഇൻവെസ്റ്റ്മെന്റ് പ്രോസ്പെക്ടസ്, ഓപ്പറേഷണൽ ഗൈഡ്ലൈൻ, ഓവർസൈറ്റ് മെക്കാനിസം എന്നിവ അംഗീകരിക്കുക;

(ജി) സഹായം നൽകപ്പെട്ട പ്രോജക്റ്റുകൾ, പ്രോജക്റ്റ് അതോറിറ്റി, സംരംഭങ്ങൾ, പൊതു ഏജൻസി, കൺസെഷണർ എന്നിവയിൽനിന്നും ഈടാക്കലിനുള്ള സമയപട്ടികക്രമമനുസരിച്ച് ബോർഡിന് കിട്ടേണ്ട തുകകൾ ഈടാക്കുക;

(എച്ച്) ഈടാക്കലുകൾ, യുക്തമെന്ന് കരുതുന്ന പ്രകാരം ഭേദഗതി ചെയ്യുകയോ പുനർനിർണ്ണയിക്കുകയോ പുനഃക്രമീകരിക്കുകയോ ചെയ്യുക;

(ഐ) ബോർഡിന്റെ താല്പര്യാർത്ഥം, ആവശ്യമെന്നും ഉചിതമെന്നും കരുതുന്നപക്ഷം, സഹായം നൽകപ്പെട്ട ഏതെങ്കിലും പ്രോജക്റ്റ്, പ്രോജക്റ്റ് അതോറിറ്റി, സംരംഭങ്ങൾ, പൊതു ഏജൻസി, കൺസെഷണർ എന്നിവയ്ക്കെതിരെയോ എന്നിവയിൽ ഏതിനെങ്കിലും എതിരെയോ നികുതി വസൂലാക്കൽ നടപടികൾ ആരംഭിക്കുക;

(ജെ) യാത്ര, കടങ്ങളിൻമേലുള്ള പലിശ, ഫീസുകൾ, തൊഴിൽപരമായ ചാർജുകൾ, മറ്റു ചെലവുകൾ എന്നിവ ഉൾപ്പെടെ നിധിയുടെ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും നൽകുക;

(കെ) കാലാകാലങ്ങളിൽ ലഭ്യമാകാവുന്ന, ബോർഡിന്റെ അധികം വരുന്ന ഏതെങ്കിലും തുക ഈ ആക്റ്റിലോ പദ്ധതിയിലോ വ്യക്തമാക്കാവുന്ന പ്രകാരമുള്ള രീതിയിൽ നിക്ഷേപിക്കുകയും അപ്രകാരമുള്ള നിക്ഷേപങ്ങളിൽനിന്നും കിട്ടേണ്ടതായ തുകകൾ ഈടാക്കുകയും ചെയ്യുക;

(എൽ) ഫണ്ടിൽനിന്നും സഹായമോ വായ്പയോ ലഭിച്ച ഏതെങ്കിലും പ്രോജക്റ്റ്, പ്രോജക്റ്റ് അതോറിറ്റി, സംരംഭങ്ങൾ, പൊതു ഏജൻസി/കൺസെഷണർ എന്നിവയുടെയോ അവയിൽ ഏതെങ്കിലും ഒന്നിന്റെയോ പ്രവർത്തനങ്ങൾ, കാലാകാലങ്ങളിൽ, അവലോകനം ചെയ്യുക;

(എം) ഈ ആക്റ്റിന്റെ പരിധിയിൽ വരുന്ന, സഹായം നൽകപ്പെട്ട ഏതെങ്കിലും പ്രോജക്റ്റ്, പ്രോജക്റ്റ് അതോറിറ്റി സ്ഥാപനങ്ങൾ, പൊതു ഏജൻസി/ കൺസെഷണർ എന്നിവയുമായി സർക്കാരിന് വേണ്ടി ധാരണാപത്രത്തിലോ നിർവ്വഹണ കരാറിലോ ഏർപ്പെടുക;

(എൻ) ബോർഡിനുവേണ്ടി കരാറിൽ ഏർപ്പെടുക;

(ഒ) പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുക;

(പി) ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, സർക്കാർ നൽകാവുന്നതോ ഏൽപ്പിച്ചുകൊടുക്കാവുന്നതോ ആയ പ്രകാരമുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുക;

(ക്യു) അതിന് നൽകിയതോ ഏൽപ്പിച്ചുകൊടുത്തതോ ആയ ചുമതലകൾ നടപ്പിലാക്കുന്നതിന് ആവശ്യമായതോ ആനുഷംഗികമായതോ ആയ എല്ലാ പ്രവൃത്തികളും ചെയ്യുക;

(ആർ) സംസ്ഥാന നിയമസഭയിലേക്കുള്ള റിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തുക;

(എസ്) നിക്ഷേപ പ്രോസ്പെക്റ്റസുകളും ടെൻഡർ ഡോക്യുമെന്റുകളും ഉൾപ്പെടെയുള്ള നിധിയുടെ മറ്റ് പ്രസിദ്ധീകരണങ്ങൾ സാക്ഷ്യപ്പെടുത്തുക.

6ബി. എക്സിക്യൂട്ടീവ് കമ്മിറ്റി.—(1) ബോർഡിന് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കുന്നതും, ആയത് ബോർഡ് അതിന് ഏൽപ്പിച്ചുകൊടുക്കാവുന്ന പ്രകാരമുള്ള അധികാരങ്ങളും അപ്രകാരമുള്ള ചുമതലകളും വിനിയോഗിക്കേണ്ടതുമാണ്.

(2) എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

| | | | |
|---|---|---|---|
| (എ) | ധനകാര്യമന്ത്രി | .. | ചെയർപേഴ്സൺ |
| (ബി) | ചീഫ് സെക്രട്ടറി | .. | അംഗം |
| (സി) | സെക്രട്ടറി (നിയമം) | .. | അംഗം |
| (ഡി) | സെക്രട്ടറി (ധനകാര്യം) | .. | അംഗം |
| (ഇ) | സെക്രട്ടറി (ധനകാര്യം-റിസോഴ്സസ്) | .. | അംഗം |
| (എഫ്) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ബോർഡിലെ മൂന്ന് സ്വതന്ത്ര അംഗങ്ങൾ | .. | അംഗങ്ങൾ |
| (ജി) | ചീഫ് എക്സിക്യൂട്ടീവ് ആഫീസർ | .. | അംഗം |

(3) ബോർഡിനുമുമ്പാകെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട പ്രോജക്റ്റ് നിർദ്ദേശവുമായി ബന്ധപ്പെട്ട, സർക്കാരിലെ ഭരണ വകുപ്പ് സെക്രട്ടറി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗങ്ങളിൽ പ്രത്യേക ക്ഷണിതാവ് ആയിരിക്കുന്നതാണ്.

(4) സന്നിഹിതരും വോട്ടുചെയ്തതുമായ അംഗങ്ങളിലെ മൂന്നിൽ രണ്ടിൽ കുറയാത്ത ഭൂരിപക്ഷത്തോടെ തീരുമാനമെടുക്കേണ്ടതാണ്.

(5) യോഗത്തിന്റെ ക്വാറം നാല് ആയിരിക്കുന്നതാണ്.

(6) എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗങ്ങൾക്ക്, ചെയർപേഴ്സന്റെ അനുമതിയോടെ, വീഡിയോ കോൺഫറൻസിംഗ് വഴി യോഗത്തിൽ പങ്കെടുക്കാവുന്നതാണ്.

(7) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സെക്രട്ടറി ആയിരിക്കുന്നതാണ്.

6സി. ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ (എഫ്.ടി.എ.സി.).—(1) ബോർഡ്, പൊതുവായ ഉത്തരവു വഴി, അതിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള തീയതി മുതൽ പ്രാബല്യത്തോടെ "ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ" എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷനിൽ ചെയർപേഴ്സൺ ഉൾപ്പെടെ മൂന്നിൽ കുറയാതെയും എന്നാൽ അഞ്ചിൽ കൂടാതെയുമുള്ള അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) കമ്മീഷന്റെ ഔദ്യോഗിക കാലാവധി രണ്ടു വർഷക്കാലയളവ് ആയിരിക്കുന്നതാണ്.

(4) അംഗങ്ങൾ, അവർക്ക് ഇഷ്ടമുള്ളിടത്തോളംകാലം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും, സ്വഭാവദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് ഒരു കോടതി കുറ്റസ്ഥാപനം ചെയ്യുന്ന കാരണത്താൽ ഒഴികെ, സർക്കാരോ ബോർഡോ അവരെ നീക്കം ചെയ്യാൻ പാടുള്ളതുമല്ല.

(5) അംഗങ്ങൾ, ബാങ്കിംഗ് ധനകാര്യ റഗുലേഷൻ, സാമ്പത്തിക വിപണികൾ, ഭരണനിർവ്വഹണം അല്ലെങ്കിൽ സാമ്പത്തികശാസ്ത്രം എന്നിവയിലേതെങ്കിലും ഒരു മേഖലയിൽ ദേശീയതലത്തിലോ അന്തർ ദേശീയതലത്തിലോ വിദഗ്ദ്ധരും പരിചയസമ്പന്നത തെളിയിച്ചവരുമായിരിക്കേണ്ടതാണ്.

(6) അംഗങ്ങളിൽ ഒരാളെ കമ്മീഷന്റെ ചെയർപേഴ്സൺ ആയി ബോർഡ് നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(7) ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷനിലെ അംഗങ്ങൾക്ക് ചെയർപേഴ്സന്റെ അനുമതിയോടെ വീഡിയോ കോൺഫറൻസിംഗ് വഴി യോഗത്തിൽ പങ്കെടുക്കാവുന്നതാണ്.

(8) കമ്മീഷൻ ഓരോ വർഷത്തിലും സെപ്റ്റംബർ, ഫെബ്രുവരി മാസങ്ങളിലും അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിന് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ളത്ര തവണയും യോഗം ചേരേണ്ടതാണ്.

(9) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കമ്മീഷന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്.

6ഡി. ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെ ചുമതലകൾ.—(1) കമ്മീഷൻ, നിധിയുടെ ട്രസ്റ്റി ആയി പ്രവർത്തിക്കേണ്ടതും നിധിയുടെ എല്ലാ നിക്ഷേപങ്ങളും ഈ ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമാണെന്നും ബോർഡിലെ നിധി വകമാറ്റി ചെലവഴിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

(2) കമ്മീഷൻ, ഭൂരിപക്ഷം അംഗങ്ങളുടെ അംഗീകാരത്തോടെ, ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്കനുസൃതമായി തുകകളുടെ വിനിയോഗവും അധികതുകയുടെ നിക്ഷേപവും നടത്തുന്നു എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഓരോ ആറ് മാസത്തിലും ഒരു 'ഫിഡെലിറ്റി സർട്ടിഫിക്കറ്റ്' നൽകേണ്ടതാണ്.

6ഇ. ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെ അധികാരങ്ങൾ.— ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെ അധികാരങ്ങൾ താഴെപ്പറയുന്നവ ആയിരിക്കുന്നതാണ്, അതായത്:—

(എ) ബോർഡിൽ നിന്നും, ആനുകാലികമായി റിപ്പോർട്ടുകൾ ആവശ്യപ്പെടുക;

(ബി) ഈ ആക്റ്റിനുകീഴിൽ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ ബോർഡിന്റെ കൈവശത്തിലുള്ള ഏതെങ്കിലും രേഖ ആവശ്യപ്പെടുക;

(സി) ധനസമാഹരണം നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി ബോർഡ് പുറപ്പെടുവിക്കുന്ന സെക്യൂരിറ്റി സംബന്ധിച്ചുള്ള നിബന്ധനകൾ, നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുക;

(ഡി) ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികൾ കൈവശം വച്ചിട്ടുള്ളവരുടെ താത്പര്യസംരക്ഷണത്തിന് ആവശ്യമായ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുക;

(ഇ) ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റി കൈവശം വച്ചിട്ടുള്ളവരുടെ പരാതികൾ പരിഹരിക്കുന്നതിനാവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യുക;

(എഫ്) ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സെക്യൂരിറ്റിയെ സംബന്ധിച്ച് നൽകേണ്ടതായ പലിശയും മുതലും നൽകുന്നതിന് ആവശ്യമായ തുക ബോർഡിൽ ലഭ്യമാണ് എന്ന് ഉറപ്പ് വരുത്തുക;

(ജി) അപ്രകാരം ബോർഡിൽ ലഭ്യമായ തുകകൾ വിവേകപൂർവ്വമായ നിക്ഷേപങ്ങളിൽ നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക;

(എച്ച്) 6സി വകുപ്പ്, (8)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള രണ്ട് യോഗങ്ങൾക്ക് പുറമേ, ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ ഉചിതമെന്ന് കരുതുന്നത്ര പ്രകാരമുള്ള തവണ യോഗങ്ങൾ വിളിച്ചുചേർക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകുക:

എന്നാൽ, ചെയർപേഴ്സൺ സ്വമേധയാലോ, അല്ലെങ്കിൽ കുറഞ്ഞത് രണ്ട് അംഗങ്ങളുടെയെങ്കിലും അപേക്ഷയിന്മേലോ അപ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

6എഫ്. പ്രോജക്റ്റ് തിരഞ്ഞെടുക്കലും മുൻഗണന നൽകലും നടപ്പിലാക്കലും.—(1) സംസ്ഥാനത്ത് വികസിപ്പിക്കേണ്ടതോ പരിപാലിക്കേണ്ടതോ പ്രവർത്തനത്തിൽ കൊണ്ടുവരേണ്ടതോ ആയ ഒരു പ്രോജക്റ്റ് തിരഞ്ഞെടുക്കുകയോ വിഭാവനം ചെയ്യുകയോ ചെയ്യുമ്പോൾ, ബോർഡിന് സ്വമേധയാലോ നടത്തപ്പെടേണ്ടതായ ഒരു പഠനത്തിന്റേയോ സർവ്വേയുടേയോ അടിസ്ഥാനത്തിലോ ഒരു മൂന്നാം കക്ഷിയിൽ നിന്നും ലഭിച്ചിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലോ അതുമായി ബന്ധപ്പെട്ട പൊതു ഏജൻസിയുടെ അഭിപ്രായങ്ങൾ ആരായാവുന്നതാണ്:

എന്നാൽ, പ്രസ്തുത പൊതു ഏജൻസി, ബോർഡിൽ നിന്നും പ്രസ്തുത അറിയിപ്പ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം അതിന്റെ അഭിപ്രായങ്ങൾ നൽകാത്തപക്ഷം പൊതു ഏജൻസിക്ക് അഭിപ്രായങ്ങളൊന്നും നൽകുവാനില്ല എന്ന് കരുതപ്പെടുന്നതാണ്.

(2) ഏതെങ്കിലും പൊതു ഏജൻസിക്ക്, സംസ്ഥാനത്ത് വികസിപ്പിക്കുകയോ പരിപാലിക്കുകയോ പ്രവർത്തനത്തിൽ കൊണ്ടുവരുകയോ ചെയ്യേണ്ട ഒരു പ്രോജക്റ്റ് തിരഞ്ഞെടുക്കുകയും അല്ലെങ്കിൽ വിഭാവനം ചെയ്യുകയും ചെയ്യാവുന്നതും അതിനുശേഷം, നിർദ്ദേശം ബോർഡിന്റെ ശിപാർശയ്ക്കായി അയയ്ക്കാവുന്നതുമാണ്. ബോർഡ് പ്രസ്തുത നിർദ്ദേശം അവലോകനം ചെയ്യേണ്ടതും വിലയിരുത്തേണ്ടതും അപ്രകാരമുള്ള ഒന്നിൽ കൂടുതൽ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് മുൻഗണനാക്രമത്തിലാക്കുകയും ചെയ്യേണ്ടതാണ്.

(3) ബോർഡ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പൊതു ഏജൻസിയുടെ അഭിപ്രായങ്ങളോ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതെങ്കിലും പൊതു ഏജൻസിയുടെ നിർദ്ദേശങ്ങളോ ലഭിക്കുന്നതിന്മേൽ താഴെപ്പറയുന്ന വസ്തുതകളെ ബന്ധപ്പെടുത്തി പ്രോജക്റ്റ് നിർദ്ദേശം പരിശോധിക്കേണ്ടതാണ്,—

(എ) പ്രോജക്റ്റിന്റെ സാമൂഹിക-സാമ്പത്തിക ചെലവും അതിൽ നിന്നുണ്ടാകുന്ന ആനുകൂല്യങ്ങളും ഉൾപ്പെടെ അതിന്റെ ചെലവിന്റെയും ആനുകൂല്യത്തിന്റെയും അവലോകനം;

(ബി) പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള, 'വാല്യൂ ഫോർ മണി ടെസ്റ്റ്' പ്രകാരം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ഗുണകരമായ നിർമ്മാണച്ചെലവ്;

(സി) പ്രോജക്റ്റ് നടപ്പിലാക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുന്നതിനുള്ള സാദ്ധ്യതയും അതിന്റെ ഫലങ്ങൾ നിർണ്ണയിക്കലും;

(ഡി) സ്വകാര്യമേഖലാ പങ്കാളിയുമായി നഷ്ടസാദ്ധ്യത പങ്കുവെയ്ക്കൽ;

(ഇ) സ്വകാര്യ മേഖലാ പങ്കാളിത്തംമൂലം ഉണ്ടാകുന്ന സാങ്കേതികവും നിർവ്വഹണപരവുമായ നേട്ടങ്ങൾ;

(എഫ്) സ്വകാര്യമേഖലാ പങ്കാളിയുടെ നിക്ഷേപത്തെ ബാധിക്കാവുന്ന സാമൂഹിക സാമ്പത്തികഘടകങ്ങൾ;

(ജി) നിയന്ത്രണപരമായ മാനദണ്ഡങ്ങൾ പാലിക്കുന്നത്.

(4) ബോർഡ്, നിർദ്ദേശിക്കപ്പെട്ട പ്രോജക്റ്റിന്റെ സാദ്ധ്യതാപഠനം നടത്തുവാൻ ഇടയാക്കേണ്ടതും അതിന്റെ സാദ്ധ്യത ബോദ്ധ്യപ്പെട്ടതിനുശേഷം, ആയത് പൊതുമേഖല മുഖാന്തിരമാണോ അതോ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണോ നടപ്പിലാക്കാവുന്നത് എന്ന് വ്യക്തമായി സൂചിപ്പിച്ചുകൊണ്ട് സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതുമാണ്.

(5) ബോർഡ്, (4)-ാം ഉപവകുപ്പ് പ്രകാരം ശിപാർശ ചെയ്യപ്പെട്ട പ്രോജക്റ്റുകളുടെ വിശദവിവരങ്ങൾ അതിന്റെ വെബ്സൈറ്റിലും പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള മറ്റ് വെബ്സൈറ്റുകളിലും പ്രസിദ്ധീകരിപ്പിക്കേണ്ടതാണ്:

എന്നാൽ, ബോർഡിന് എഴുതി രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാൽ ഒരു പ്രോജക്റ്റിന്റെ വിശദാംശങ്ങൾ പ്രസിദ്ധീകരിക്കാതിരിക്കാവുന്നതാണ്.

(6) (4)-ാം ഉപവകുപ്പ് പ്രകാരം പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്നതിന്മേൽ സർക്കാർ ആയത് പരിഗണിക്കേണ്ടതും നടപ്പിലാക്കുന്ന രീതി ഉൾപ്പെടെ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള തീരുമാനം ബോർഡിനെ അറിയിക്കേണ്ടതുമാണ്.

(7) പൊതുമേഖല വഴി നടപ്പിലാക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുള്ള ഒരു പ്രോജക്റ്റ് സംബന്ധിച്ച്, പ്രസ്തുത പ്രോജക്റ്റ് നടപ്പിലാക്കുന്ന പൊതു ഏജൻസിയെ ബോർഡ് നിയോഗിക്കേണ്ടതും അത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതും, നടപ്പിലാക്കുന്നതിന്റെ പുരോഗതി നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്.

(8) പൊതു ഏജൻസി, അപ്രകാരമുള്ള നിർദ്ദേശം ലഭിച്ച തീയതി മുതൽ മൂന്ന് മാസക്കാലയളവിനുള്ളിൽ പ്രോജക്റ്റ് ആരംഭിക്കാതിരിക്കുകയോ എഴുതി രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാൽ പ്രോജക്റ്റ് നടപ്പിലാക്കുവാൻ സാദ്ധ്യമല്ല എന്ന് അറിയിക്കുകയോ ചെയ്യുന്നപക്ഷം, സർക്കാരിന്റെ അംഗീകാരത്തോടെ (3)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം ബോർഡ്, പ്രോജക്റ്റ് പുനഃപരിശോധിക്കേണ്ടതും സർക്കാരിലേക്ക് ഒരു പുതിയ ശിപാർശ നൽകേണ്ടതുമാണ്.

(9) പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ള ഒരു പ്രോജക്റ്റിനെ സംബന്ധിച്ച്, നിർദ്ദേശിക്കപ്പെട്ട പ്രോജക്റ്റിന്റെ വിശദാംശങ്ങൾ പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള മാതൃകയിലും രീതിയിലും സ്പോൺസറിംഗ് ഏജൻസിയെ കൊണ്ട്, ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട്, ബോർഡ് പ്രസിദ്ധീകരിപ്പിക്കേണ്ടതാണ്. സ്പോൺസറിംഗ് ഏജൻസി, ലഭിച്ചിട്ടുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും, ഏതെങ്കിലുമുണ്ടെങ്കിൽ, അതിന്റെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള കാലയളവിനുള്ളിൽ ആയത് ബോർഡിന് സമർപ്പിക്കേണ്ടതുമാണ്.

(10) ബോർഡ്, (9)-ാം ഉപവകുപ്പ് പ്രകാരം സ്പോൺസറിംഗ് ഏജൻസിയിൽ നിന്ന് റിപ്പോർട്ട് ലഭിക്കുന്നതിന്മേൽ, ഭരണ വകുപ്പുമായി കൂടിയാലോചിച്ചതിനുശേഷം പ്രോജക്റ്റ് പരിഗണിക്കേണ്ടതും ആവശ്യമെന്ന് കരുതുന്നപക്ഷം, വിശദമായ ഒരു പ്രോജക്റ്റ് പഠനം നടത്താൻ ഇടയാക്കിയതിനുശേഷം, പ്രോജക്റ്റിന്റെ സാദ്ധ്യതയും ഘടനയും താഴെപ്പറയുന്ന വസ്തുതകൾ കൂടി കണക്കിലെടുത്തുകൊണ്ട്, അത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള, ഭേദഗതികളോടുകൂടിയോ അതിന്റെ പ്രാഥമിക രൂപത്തിലോ അന്തിമമാക്കേണ്ടതുമാണ്, അതായത്:—

(എ) പ്രോജക്റ്റിന് ഏതെങ്കിലും പൊതു സാമ്പത്തിക സഹായം ആവശ്യമുണ്ടോ എന്നും അപ്രകാരമെങ്കിൽ അങ്ങനെയുള്ള സാമ്പത്തിക സഹായത്തിന്റെ ഉചിതമായ രീതി;

(ബി) ടെൻഡർ മാനദണ്ഡങ്ങളും അല്ലെങ്കിൽ ടെൻഡർ വിലയിരുത്തുന്നതിന് പ്രസക്തമായ വ്യതിയാനങ്ങളും;

(സി) മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള ഉചിതമായ കൺസെഷൻ കരാറോ അതിന്റെ സങ്കരമോ.''.

8. 7-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 7-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''7. തിരിച്ചടവിനുള്ള ബജറ്റ് വിഹിതം.—(1) ആന്വിറ്റി നൽകുന്നതിനോ 8-ാം വകുപ്പ് പ്രകാരമുള്ള മറ്റ് തിരിച്ചടവ് ബാദ്ധ്യതകൾ നൽകുന്നതിനോ ഉണ്ടായിട്ടുള്ള ചെലവുകൾ നേരിടുന്നതിന് സർക്കാർ, സമയാസമയങ്ങളിൽ, വാർഷിക ബജറ്റിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്:

എന്നാൽ, സർക്കാർ മുൻവർഷം പിരിച്ചെടുത്ത മോട്ടോർ വാഹന നികുതിയുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ട മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗം നിധിയിലേക്കുള്ള വിഹിതമായി നീക്കിവയ്ക്കേണ്ടതും അപ്രകാരമുള്ള വിഹിതം ആദ്യവർഷത്തിൽ പത്ത് ശതമാനമായിരിക്കുന്നതും, ഇത് ഓരോ വർഷവും പത്ത് ശതമാനം വർദ്ധിപ്പിക്കുന്നതും അഞ്ചാമത്തെ വർഷത്തിൽ മോട്ടോർ വാഹന നികുതിയുടെ അൻപത് ശതമാനം വരെ വർദ്ധിപ്പിക്കുന്നതുമാണ്:

എന്നുമാത്രമല്ല, അതിന് പുറമേ ഓരോ ലിറ്റർ പെട്രോളിന്മേലും ചുമത്തിയിട്ടുള്ള ഒരു രൂപയിൽ കുറയാതെയുള്ള സെസ്സ് മുൻവർഷ കാലയളവിൽ പിരിച്ചെടുത്ത പ്രകാരമുള്ള സെസ്സിൽ നിന്നും സർക്കാർ, നിധിയിലേക്ക്, നൽകേണ്ടതാണ്.

(2) തുടർന്നുവരുന്ന പന്ത്രണ്ട് മാസങ്ങളിൽ ആവശ്യമായ തുകയുടെ കൈമാറ്റം ഒന്നോ അതിലധികമോ തവണകളായി പ്രസ്തുത വർഷത്തിലെ ഡിസംബർ മാസത്തിന്റെ അവസാന പ്രവൃത്തി ദിവസത്തിന് മുമ്പായി പൂർത്തിയാക്കേണ്ടതാണ്:

എന്നാൽ, ഏതെങ്കിലും പ്രോജക്റ്റിൽ നിന്നുമുണ്ടായ വരുമാനം പ്രസ്തുത വർഷത്തിന്റെ അവസാനം നടത്തിയ ധനവിനിയോഗത്തിൽ നിന്നും തട്ടിക്കിഴിക്കേണ്ടതും എന്നാൽ പ്രവർത്തനപരമായ ചെലവുകൾ വഹിച്ചതിനുശേഷം ശേഷിക്കുന്ന തുക മാത്രം പ്രസ്തുത വർഷം ധനവിനിയോഗമായി നൽകിയാൽ മതിയാകുന്നതുമാണ്.

(3) സർക്കാരിന്, സംസ്ഥാന നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമംമൂലം, യഥാവിധിയുള്ള ധനവിനിയോഗം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും കാലാകാലങ്ങളിൽ, ഗ്രാന്റുകളും മുൻകൂർ തുകകളും വായ്പകളും നിധിയിലേക്ക് നൽകാവുന്നതാണ്.''.

9. 8-ാം വകുപ്പിനു പകരം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 8-ാം വകുപ്പിന് പകരം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"8. കടം വാങ്ങുന്നതിനും നൽകുന്നതിനും ബോർഡിനുള്ള അധികാരം.—(1) ബോർഡിന്, കാലാകാലങ്ങളിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഏതൊരു തുകയും കടമായി വാങ്ങാവുന്നതാണ്.

(2) ബോർഡിന്, അപ്രകാരം കടം വാങ്ങുന്നതിന്റെ ആവശ്യത്തിലേക്കായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ഒബ്ലിഗേഷൻ ബോണ്ടുകൾ അല്ലെങ്കിൽ യുക്തമായ മറ്റേതെങ്കിലും ധനപരമായ പ്രമാണങ്ങൾ എന്നിവ ഉൾപ്പെടെയും, എന്നാൽ അതിൽ പരിമിതപ്പെടുത്താതെയുമുള്ള ഏതെങ്കിലും ധനപരമായ പ്രമാണം നൽകാവുന്നതും ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ടുകൾ (എ.ഐ.എഫ്.), ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (ഇൻവിറ്റ്), ഇൻഫ്രാസ്ട്രക്ച്ചർ ഡെറ്റ് ഫണ്ട് (ഐ.ഡി.എഫ്.), ക്രമീകരിക്കപ്പെട്ട തിരിച്ചടവ് സംവിധാനത്തോടെയുള്ള റവന്യൂ ബോണ്ടുകൾ, ലാൻഡ് ബോണ്ടുകൾ എന്നിവ ഉൾപ്പെടെയും എന്നാൽ അതിൽ പരിമിതപ്പെടുത്താതെയുമുള്ള, മറ്റ് ഏതെങ്കിലും ധനപരമായ പ്രമാണങ്ങൾ എന്നിവയിലൂടെയോ ബാങ്കുകൾ, മൾട്ടിലാറ്ററൽ ഫണ്ടിംഗ് ഏജൻസികൾ അല്ലെങ്കിൽ സർക്കാർ ഇതിലേക്കായി അംഗീകരിച്ച സ്ഥാപനങ്ങൾ എന്നിവയിലൂടെയോ, ഫണ്ടുകൾ സ്വരൂപിക്കാവുന്നതുമാണ്.

(3) ബോർഡിന്, ഒരു പ്രോജക്റ്റിനുവേണ്ടിയോ ഒരു കൂട്ടം പ്രോജക്റ്റുകൾക്ക് വേണ്ടിയോ ഉള്ള വിഭവസമാഹരണം സുഗമമാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ നിക്ഷേപ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഒരു സ്പോൺസറായി പ്രവർത്തിക്കാവുന്നതാണ്.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി അടിസ്ഥാന സൗകര്യ നിക്ഷേപസംവിധാനത്തിൽ ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് (എ.ഐ.എഫ്.), ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (ഇൻവിറ്റ്), മ്യൂച്ചൽ ഫണ്ടുകൾ, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫണ്ട് (ഐ.ഡി.എഫ്.) എന്നിവ ഉൾപ്പെടുന്നതും എന്നാൽ അതിൽ പരിമിതപ്പെടുത്തുന്നതല്ലാത്തതുമാകുന്നു.

(4) ബോർഡ്, ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ധനപരമായ പ്രമാണങ്ങളും സെക്യൂരിറ്റികളും സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി ബോർഡ് തീരുമാനിക്കുന്ന പ്രകാരമുള്ള രീതിയിൽ പുറപ്പെടുവിക്കുകയോ കൈമാറ്റം ചെയ്യുകയോ വിടുതൽ ചെയ്യുകയോ ചെയ്യേണ്ടതാണ്.

8എ. ഏൽപ്പിച്ചുകൊടുക്കുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന്, എക്സിക്യൂട്ടീവ് കമ്മിറ്റിക്കോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, അത് നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ ഭരണനിർവ്വഹണത്തിന് ആവശ്യമാണെന്ന് കരുതാവുന്ന, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ ചുമതലകളും അധികാരങ്ങളും ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്."

10. 9-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 9-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിന് പകരം, താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, 8-ാം വകുപ്പിൻകീഴിൽ ബോർഡ് സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും തുകയുടെ പലിശയും മുതലും നൽകുന്നതിനായി ഗ്യാരണ്ടി നൽകേണ്ടതാണ്:

എന്നാൽ, ഈ ആക്റ്റിൻ കീഴിൽ സർക്കാർ നൽകിയിട്ടുള്ള മൊത്തം ഗ്യാരണ്ടി, നിലവിൽ പ്രാബല്യത്തിലുള്ള 2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിൽ (2003-ലെ 30) വ്യവസ്ഥ ചെയ്തിട്ടുള്ള പരിധിയിൽ കവിയാൻ പാടുള്ളതല്ല.".

11. 10-ാം വകുപ്പിനു പകരം പുതിയ വകുപ്പു ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 10-ാം വകുപ്പിന് പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"10. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.—(1) ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും നിറവേറ്റുന്നതിന് ബോർഡിനെ സഹായിക്കുന്നതിനായി, അതിന് ആവശ്യമെന്ന് കരുതുന്നത്ര ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തസ്തികകൾ സർക്കാരിന്റെ അംഗീകാരത്തോടെ സൃഷ്ടിക്കുകയും അതിൽ നിയമനം നടത്തുകയും ചെയ്യാവുന്നതാണ്.

(2) ബോർഡിന്, ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉണ്ടായിരിക്കുന്നതും, സർക്കാർ സെക്രട്ടറിയുടെ പദവിയും സ്ഥാനവും അദ്ദേഹത്തിന് ഉണ്ടായിരിക്കുന്നതും, അദ്ദേഹത്തെ സർക്കാർ നിയമിക്കുകയും ചെയ്യുന്നതാണ്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോർഡിന്റെ ഫണ്ട് മാനേജർ ആയിരിക്കുന്നതാണ്.

(3) ബോർഡിന്റെ എല്ലാ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയന്ത്രണത്തിനും മേൽനോട്ടത്തിനുമുള്ള അധികാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച നിബന്ധനകളും, കാലാകാലങ്ങളിൽ, സർക്കാർ വ്യക്തമാക്കുന്ന പ്രകാരമായിരിക്കുന്നതാണ്.".

12. 12-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 12-ാം വകുപ്പിൽ "ബോർഡിന്റെ ഓരോ അംഗവും" എന്ന വാക്കുകൾക്ക് പകരം "ബോർഡിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെയും ഓരോ അംഗവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

13. 17എ. എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിൽ 17-ാം വകുപ്പിന് ശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"17എ. പരിശോധന അധികാരസ്ഥാനങ്ങളെ നിയമിക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി, ഏതെങ്കിലും പദ്ധതിയും ബോർഡ് ധനസഹായം നൽകിയിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ഏതെങ്കിലും സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ രേഖകളും പരിശോധിക്കുന്നതിനായി, അതിന് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള ആളുകൾ അടങ്ങിയ പരിശോധന അധികാരസ്ഥാനത്തെ നിയമിക്കാവുന്നതാണ്.

(2) അപ്രകാരമുള്ള അധികാരസ്ഥാനത്തിന് ഏതെങ്കിലും സ്പെഷ്യൽ പർപ്പസ് വെഹിക്കിളിൽ നിന്നും രേഖകൾ ആവശ്യപ്പെടുന്നതിനും അത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ ഓഫീസ്, സ്ഥലം, കെട്ടിടങ്ങൾ എന്നിവ പരിശോധിക്കുന്നതിനുമുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

14. പട്ടികയ്ക്കുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ നിലവിലുള്ള പട്ടിക അതിന്റെ "ഒന്നാം പട്ടിക" ആയി പുനർനാമകരണം ചെയ്യേണ്ടതും അപ്രകാരം പുനർനാമകരണം ചെയ്യപ്പെട്ട ഒന്നാം പട്ടികയിൽ,—

(എ) "ഒന്നാം പട്ടിക" എന്ന ശീർഷകത്തിനു കീഴിൽ, "3(6) വകുപ്പ്" എന്ന വാക്കിനും ബ്രാക്കറ്റുകൾക്കും അക്കങ്ങൾക്കും പകരം "2(എസി), 2(എഇ), 3(6), 6എ(കെ), 6എ(ഒ), 6എഫ്(3)(ബി), 6എഫ്(5), 6എഫ്(9)" എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്ഷരങ്ങളും ചിഹ്നങ്ങളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ബി) 12-ാം ഇനത്തിൽ 'ക്വാറം' എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(സി) 15-ാം ഇനം വിട്ടുകളയേണ്ടതാണ്;

(ഡി) നിലവിലുള്ള 16-ാം ഇനം 23-ാം ഇനമായി പുനരക്കമിടേണ്ടതും, അപ്രകാരം പുനരക്കമിട്ട 23-ാം ഇനത്തിനു മുമ്പായി താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്:—

16. പ്രാഥമിക നിക്ഷേപം നടത്തിയതിനു ശേഷം പ്രോജക്റ്റിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തേണ്ട മറ്റു വിവരങ്ങൾ;

17. സാധ്യതാപഠനം നടത്തേണ്ട മറ്റു വിവരങ്ങൾ;

18. ബോർഡിന്റെ മറ്റ് അധികാരങ്ങളും ചുമതലകളും;

19. ബോർഡിന്റെ മിച്ചം വരുന്ന തുക നിക്ഷേപിക്കുന്ന രീതി;

20. വാല്യൂ ഫോർ മണി ടെസ്റ്റ്;

21. സ്പോൺസറിംഗ് ഏജൻസി നിർദ്ദേശിക്കപ്പെട്ട പ്രോജക്റ്റിന്റെ വിശദവിവരങ്ങൾ, പ്രസിദ്ധീകരിക്കുന്നതിനുള്ള മാതൃകയും രീതിയും, പ്രോജക്റ്റിനെ സംബന്ധിച്ച റിപ്പോർട്ട് സ്പോൺസറിംഗ് ഏജൻസി തയ്യാറാക്കേണ്ടതും ബോർഡിലേക്ക് സമർപ്പിക്കേണ്ടതുമായ കാലയളവും;

22. പ്രോജക്റ്റിന്റെ വിശദാംശങ്ങൾ പ്രസിദ്ധീകരിക്കേണ്ട വെബ്സൈറ്റുകൾ."

(ഇ) അപ്രകാരം പുനർനാമകരണം ചെയ്ത ഒന്നാം പട്ടികയ്ക്കുശേഷം താഴെപ്പറയുന്ന പട്ടികകൾ ചേർക്കേണ്ടതാണ്, അതായത്:—

"രണ്ടാം പട്ടിക

[2(ഇബി) വകുപ്പ് കാണുക]

മേഖലകൾ

1. കാർഷിക അടിസ്ഥാന സൗകര്യം
2. കെട്ടിടങ്ങൾ
3. ചെറുകിട ധാതുപദാർത്ഥവികസനം
4. കുടിവെള്ള-വ്യാവസായിക ജലവിതരണ സംവിധാനങ്ങൾ, ഡീസലൈനേഷൻ പ്ലാന്റുകൾ
5. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യം
6. മത്സ്യബന്ധനം
7. വാതകവും വാതകത്തിനോടനുബന്ധിച്ച പ്രവൃത്തികളും
8. ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ
9. ചേരി വികസനവും സാറ്റ്ലൈറ്റ് ടൗണുകളുടെ വികസനവും ഉൾപ്പെടെയുള്ള ഭവന നിർമ്മാണം
10. വ്യാവസായിക പാർക്കുകളും പ്രത്യേക സാമ്പത്തിക മേഖലകളും ഉൾപ്പെടെയുള്ള വ്യാവസായിക എസ്റ്റേറ്റുകൾ
11. വിവരവിനിമയ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ
12. ഉൾനാടൻ ജലഗതാഗതവും ഉൾനാടൻ ജലപാതകളും
13. അണക്കെട്ടുകൾ, ജലസേചന നിർമ്മിതികൾ, കനാലുകൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനം
14. ഭൂമി വീണ്ടെടുക്കൽ പ്രോജക്റ്റുകൾ
15. തുറമുഖങ്ങളും ഹാർബറുകളും
16. ഊർജ്ജോല്പാദനവും പ്രസരണവും വിതരണവും
17. റെയിൽ ഓവർബ്രിഡ്ജുകളും അണ്ടർ ബ്രിഡ്ജുകളും ബൈപ്പാസുകളും ഉൾപ്പെടെയുള്ള റോഡുകളും പാലങ്ങളും

18. ഖരമാലിന്യ സംസ്കരണം

19. കായിക-വിനോദ അടിസ്ഥാന സൗകര്യം

20. വിനോദ-സഞ്ചാര-ഹോസ്പിറ്റാലിറ്റി പ്രോജക്റ്റുകൾ

21. റോഡ്, റെയിൽ, വായുമാർഗ്ഗമുള്ള ഗതാഗതമുൾപ്പെടെയുള്ള ഗതാഗത പ്രോജക്റ്റുകൾ

22. നഗര ഗതാഗതസംവിധാനം, ബസ് ടെർമിനൽ, മൾട്ടി-ലെവൽ പാർക്കിംഗ് സംവിധാനങ്ങൾ

23. മലിനജല-സീവറേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ".

## മൂന്നാം പട്ടിക

[6 എഫ് (10) (സി) വകുപ്പ് കാണുക]

## കൺസെഷൻ കരാറുകളുടെ സ്വഭാവം

1. നിക്ഷേപം അല്ലെങ്കിൽ ധനകാര്യവുമായി ബന്ധപ്പെട്ട കരാറുകൾ

(i) നിർമ്മാണ-പ്രവർത്തന-കൈമാറ്റ കരാർ (ബി.ഒ.ടി.).—ഒരു അടിസ്ഥാന സൗകര്യ സംവിധാനത്തിന് പണം നൽകുന്നതും അതിന്റെ പ്രവർത്തനവും പരിപാലനവും ഉൾപ്പെടെയുള്ള നിർമ്മാണം കൺസെഷനർ ഏറ്റെടുക്കുന്ന ഒരു കരാർ ഉടമ്പടി, കൺസെഷണർ പ്രസ്തുത സംവിധാനം ഒരു നിശ്ചിത കാലയളവിലേക്ക് പ്രവർത്തിപ്പിക്കുന്നതും പ്രസ്തുത കാലയളവിൽ പ്രോജക്ടിലെ മുതൽമുടക്ക് ഈടാക്കുന്നതിന് സാധ്യമാകുംവിധം കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള ടോൾ, ഫീസ്, വാടകതുകകൾ, ചാർജ്ജുകൾ എന്നിവ, അവ ഉപയോഗിക്കുന്നവരിൽ നിന്നും ഈടാക്കുവാൻ അനുവദിക്കുകയും ചെയ്യുന്നതാകുന്നു. കൺസെഷൻ കരാറിൽ വ്യക്തമാക്കിയിട്ടുള്ള നിശ്ചിത കാലയളവ് അവസാനിക്കുമ്പോൾ, കൺസെഷനർ പ്രസ്തുത സംവിധാനം സർക്കാരിന് കൈമാറ്റം ചെയ്യുകയും ചെയ്യുന്നു.

(ii) നിർമ്മാണ-ഉടമസ്ഥ-പ്രവർത്തന കരാർ (ബി.ഒ.ഒ.).—ഒരു അടിസ്ഥാനസൗകര്യ സംവിധാനത്തിനോ വികസന സംവിധാനത്തിനോ പണം നൽകുന്നതിനും അതിന്റെ നിർമ്മാണത്തിനും ഉടമസ്ഥാവകാശത്തിനും അത് പ്രവർത്തിപ്പിക്കുന്നതിനും അതിന്റെ പരിപാലനത്തിനും, കൺസെഷനറെ അധികാരപ്പെടുത്തുകയും, പ്രസ്തുത സംവിധാനത്തിൽ നിന്നും യൂസർ ചാർജ് ഈടാക്കിക്കൊണ്ട് അതിലെ ആകെ നിക്ഷേപം ഈടാക്കുവാൻ കൺസെഷനറെ അനുവദിക്കുകയും ചെയ്യുന്ന ഒരു കരാർ ഉടമ്പടി. ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാകുന്നതാണ്. ഈ സംവിധാനത്തിൽ കൺസെഷനർക്ക് സംവിധാനത്തിന്റെ ആസ്തികളുടെ ഉടമസ്ഥാവകാശം ഉണ്ടായിരിക്കുന്നതും അതിന്റെ പ്രവർത്തനവും പരിപാലനവും ഒരു സംവിധാനം പ്രവർത്തിപ്പിക്കുന്ന ആൾക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതുമാണ്. ഈ ക്രമീകരണത്തിൽ അടിസ്ഥാന

സൗകര്യസംവിധാനം സർക്കാരിന് കൈമാറ്റം ചെയ്യുവാൻ വിഭാവനം ചെയ്യുന്നില്ല. എന്നിരുന്നാലും, ഒരു നിശ്ചിത കാലാവധി കഴിഞ്ഞതിനുശേഷം സർക്കാരിന് അതിന്റെ ചുമതലകൾ അവസാനിപ്പിക്കാവുന്നതാണ്.

(iii) നിർമ്മാണ-ഉടമസ്ഥ-പ്രവർത്തന-കൈമാറ്റ കരാർ (ബി.ഒ.ഒ.റ്റി.).—ഒരു പ്രോജക്റ്റിന് വേണ്ടി, പണം നൽകുന്നതിനും നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ഒരു കൺസെഷനറെ അധികാരപ്പെടുത്തുകയും അതുവഴി പ്രസ്തുത പ്രോജക്റ്റ് ഒരു നിശ്ചിതകാലയളവിലേക്ക് കൺസെഷനറിൽ നിക്ഷിപ്തമാകുകയും ചെയ്യുന്ന ഒരു കരാർ ഉടമ്പടി. പ്രവർത്തന കാലയളവിൽ, പ്രോജക്റ്റിൽ നടത്തിയിട്ടുള്ള മുതൽമുടക്ക് ഈടാക്കുവാനായി കൺസെഷൻ ഉടമ്പടിയിൽ വ്യക്തമാക്കിയിട്ടുള്ള യൂസർ ചാർജുകൾ ഈടാക്കുവാൻ കൺസെഷനറെ അനുവദിക്കുകയും ചെയ്യുന്നു. ഒരു പ്രത്യേക കാലയളവിലെ പ്രവർത്തനത്തിനുശേഷം കൺസെഷനർ സർക്കാരിന് പ്രോജക്റ്റ് കൈമാറ്റം ചെയ്യുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(iv) നിർമ്മാണ-കൈമാറ്റ-പ്രവർത്തന കരാർ (ബി.ടി.ഒ).—സർക്കാർ, കൺസെഷനർക്ക്, ഒരു അടിസ്ഥാന സൗകര്യ സംവിധാനം, അധിക ചെലവ്, കാലതാമസം, നിശ്ചിത പ്രവർത്തന നഷ്ടസാദ്ധ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് 'ടേൺ-കീ' അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനായി, കരാർ കൊടുക്കുന്ന ഒരു കരാർ ഉടമ്പടി. ഒരിക്കൽ സംവിധാനം വിജയകരമായി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞാൽ കൺസെഷനർക്ക് പ്രസ്തുത സംവിധാനം പ്രവർത്തിപ്പിക്കുന്നതിനും കൺസെഷൻ ഉടമ്പടിയിൽ വ്യക്തമാക്കിയിട്ടുള്ള യൂസർ ചാർജുകൾ ഈടാക്കുന്നതിനും ഉള്ള അവകാശം നൽകുന്നതാണ്. ഈ ക്രമീകരണത്തിൽ സംവിധാനങ്ങളുടെ ഉടമസ്ഥാവകാശം എല്ലായ്പോഴും സർക്കാരിൽ നിക്ഷിപ്തമാകുന്നതാണ്.

(v) രൂപകൽപ്പന-നിർമ്മാണ-ധനകാര്യ-പ്രവർത്തന-കൈമാറ്റ കരാർ (ഡി.ബി.എഫ്.ഒ.ടി.).—നിശ്ചയിക്കപ്പെട്ട ഒരു കാലയളവിനുശേഷം സർക്കാരിന് പ്രോജക്റ്റ് കൈമാറുന്നതിന് മുൻപായി രൂപകൽപ്പന ചെയ്യുക, നിർമ്മിക്കുക, ധനസഹായം നൽകുക, പ്രവർത്തിപ്പിക്കുക എന്നീ ചുമതലകൾ കൺസെഷനറിൽ ചുമത്തപ്പെട്ട ഒരു കരാർ ഉടമ്പടി. കൺസെഷനർ ഒരു നിശ്ചിത കാലയളവിലേക്ക് സംവിധാനം പ്രവർത്തിപ്പിക്കുന്നതും പ്രോജക്റ്റിൽ നിക്ഷേപിച്ച തുക ഈടാക്കുവാൻ പ്രസ്തുത കാലയളവിൽ ടോൾ, ഫീസ്, വാടക, കരാറിൽ വ്യക്തമാക്കിയിട്ടുള്ള മറ്റ് തുകകൾ എന്നിവ ഈടാക്കുവാൻ അവരെ അനുവദിക്കുകയും ചെയ്യുന്നു.

2. പ്രവർത്തനങ്ങളും പരിപാലനവുമായി ബന്ധപ്പെട്ട കരാറുകൾ.

(i) നിർവ്വഹണ കരാർ.—സർക്കാർ, നിശ്ചയിക്കപ്പെട്ട പ്രതിഫലം നൽകുന്നതിൻമേൽ കരാറിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് ഒരു പ്രോജക്റ്റിന്റെ പ്രവർത്തനവും പരിപാലനവും കൺസെഷനറെ ഏൽപ്പിക്കുന്ന ഒരു കരാർ ഉടമ്പടി. അപ്രകാരമുള്ള കരാറിൽ സർക്കാരിന് യൂസർ ചാർജ് ഈടാക്കാവുന്നതും ആയത് സ്വയം ശേഖരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും കൺസെഷനറെ അത് സ്വീകരിക്കുന്നതിനായി ചുമതല ഏൽപ്പിക്കുകയോ ചെയ്യാവുന്നതും, അയാൾ യൂസർ ചാർജുകൾ ഈടാക്കിയതിനുശേഷം അത് സർക്കാരിലേക്ക് നൽകുകയും ചെയ്യേണ്ടതാണ്.

(ii) പാട്ടനിർവ്വഹണ കരാർ.—സർക്കാർ, അതിന്റെ ഉടമസ്ഥതയിലുള്ള പ്രോജക്റ്റ് പാട്ടത്തിന് കൊടുക്കുകയും, കരാറിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് പ്രോജക്റ്റ് പ്രവർത്തിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും അനുവദിക്കുകയും ചെയ്യുന്ന ഒരു കരാർ ഉടമ്പടി. പ്രോജക്റ്റിലെ മുതൽമുടക്ക് ഈടാക്കുന്നതിന് സാധ്യമാകുന്നതിലേക്ക് യുക്തമായ ഫീസ്, വാടക, ചാർജ്ജുകൾ എന്നിവ ഇത് ഉപയോഗിക്കുന്നവരിൽനിന്നും ഈടാക്കുവാൻ കൺസെഷനറെ അനുവദിക്കുന്നു.

(iii) നിർമ്മാണ-പാട്ട-കൈമാറ്റ കരാർ (ബി.എൽ.റ്റി.).—കൺസെഷനർ പ്രോജക്റ്റിന് പണം നൽകുകയും നിർമ്മാണം ഏറ്റെടുക്കുകയും അത് പൂർത്തീകരിക്കുമ്പോൾ സർക്കാരിലേക്ക് കൈമാറുകയും ചെയ്യുന്ന ഒരു കരാർ ഉടമ്പടി. സർക്കാർ ഒരു നിശ്ചിത കാലയളവിലേക്ക് പാട്ട വ്യവസ്ഥയിൽ അത് പ്രവർത്തിപ്പിക്കുന്ന ആൾക്ക് നൽകുകയും അതിനുശേഷം പ്രസ്തുത സംവിധാനം സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്നു.

(iv) പുനഃസ്ഥാപന-പ്രവർത്തന-കൈമാറ്റ കരാർ (ആർ.ഒ.ടി.).— നിലവിലുള്ള സംവിധാനം, ഒരു കാലയളവിലേക്ക് കൺസെഷനർക്ക് നിക്ഷേപം നടത്തുന്നതിനും നവീകരിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും കൈമാറ്റം ചെയ്യുകയും ആയത് അവസാനിക്കുമ്പോൾ സർക്കാരിലേക്ക് തിരിച്ചു നൽകുകയും ചെയ്യുന്ന ഒരു കരാർ ഉടമ്പടി. കൺസെഷനർ പ്രസ്തുത സംവിധാനം നിശ്ചയിക്കപ്പെട്ട ഒരു കാലയളവിലേക്ക് പ്രവർത്തിപ്പിക്കുകയും പ്രോജക്റ്റിന്റെ മുതൽമുടക്ക് ഈടാക്കുന്നതിന് സാധ്യമാകുംവിധം കരാറിൽ വ്യക്തമാക്കിയിട്ടുള്ള ഫീസ്, വാടക, ചാർജ് എന്നിവ ഈടാക്കുന്നതിന് അനുവദിക്കുകയും ചെയ്യുന്നു.

(v) പുനഃസ്ഥാപന-ഉടമസ്ഥ-പ്രവർത്തന കരാർ (ആർ.ഒ.ഒ.).—നിലവിലുള്ള സംവിധാനം, നിക്ഷേപം നടത്തുന്നതിനും നവീകരിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും കൺസെഷനർക്ക് കൈമാറുകയും സംവിധാനം ഉപയോഗിക്കുന്നവരിൽ നിന്നും യൂസർ ചാർജുകൾ ഈടാക്കിക്കൊണ്ട് കൺസെഷനറുടെ മൊത്തം നിക്ഷേപം ഈടാക്കുന്നതിന് അനുവദിക്കുകയും ചെയ്യുന്ന ഒരു കരാർ ഉടമ്പടി. ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെടുന്നതാണ്. ഈ ക്രമീകരണത്തിൽ സർക്കാരിന് സംവിധാനം കൈമാറ്റം ചെയ്യുന്ന രീതി വിഭാവനം ചെയ്യുന്നില്ല. എന്നിരുന്നാലും, സർക്കാരിന് ഒരു നിശ്ചിത കാലയളവിന് ശേഷം, അതിന്റെ ചുമതലകൾ അവസാനിപ്പിക്കാവുന്നതാണ്.

15. റദ്ദാക്കലും ഒഴിവാക്കലും.—(1) 2016-ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപനിധി (ഭേദഗതി) ഓർഡിനൻസ് (2016-ലെ 6) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ, എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തിന്റെ വികസനത്തിന് അടിസ്ഥാനസൗകര്യ മേഖലയിൽ വൻതോതിലുള്ള നിക്ഷേപം അത്യന്താപേക്ഷിതമാണ്. അടിസ്ഥാനസൗകര്യ മേഖലയിലെ നിക്ഷേപത്തിനുള്ള എല്ലാ ആവശ്യകതകളും സംസ്ഥാന ബജറ്റിലൂടെ ലഭ്യമാക്കുക പ്രയാസമേറിയതാണ്. സാമ്പത്തിക വിപണിയിലെ സാധ്യതകൾ ആരായുന്നതിനായുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനായി 2014 സെപ്റ്റംബർ 19-ാം തീയതിയിലെ സ. ഉ. (പി) നമ്പർ 401/2014/ധന. പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് വൈസ്-ചെയർമാന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റി സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ, സർക്കാർ, 2014 ഡിസംബർ 29-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 583/2014/ധന. പ്രകാരം ഇടക്കാല ആവശ്യങ്ങൾക്കായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ബോണ്ടുകൾ എന്നിവ മുഖേനയും ദീർഘകാല ആവശ്യങ്ങൾക്കായി ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് (AIF), ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (InvIT), ഇൻഫ്രാസ്ട്രക്ചർ ഡെറ്റ് ഫണ്ട് (IDF) മുതലായ ധനപരമായ സംവിധാനങ്ങളിലൂടെയും ഫണ്ട് സമാഹരിക്കുന്നതിനുള്ള നടപടികൾ അംഗീകരിച്ചിരുന്നു. കൂടാതെ സെബി (SEBI), ഭാരതീയ റിസർവ്വ് ബാങ്ക് തുടങ്ങിയ ധനകാര്യ നിയന്ത്രണ ഏജൻസികൾ വൻതോതിലുള്ള ധനസമാഹരണത്തിനും കടമെടുക്കലിനും നിശ്ചയിച്ചിട്ടുള്ള നിയമവ്യവസ്ഥകളിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന് മുന്തിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ബജറ്റ് പ്രസംഗത്തിൽ 20000 കോടി രൂപയുടെ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. 1999-ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപനിധി ആക്റ്റ് ഭേദഗതി ചെയ്തുകൊണ്ട് സെബി (SEBI), ഭാരതീയ റിസർവ്വ് ബാങ്കും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ സാധ്യമാകുംവിധം അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിന്റെ ഘടനയിൽ ഭേദഗതി വരുത്തുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. മേൽപ്പറഞ്ഞ സാഹചര്യത്തിൽ 1999-ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപനിധി ആക്റ്റ് അനുയോജ്യമായി ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദം അവസാനിച്ചതിനാൽ പ്രസ്തുത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിലും സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2016-ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപനിധി (ഭേദഗതി) ഓർഡിനൻസ് 2016 ആഗസ്റ്റ് 19-ാം തീയതി കേരള ഗവർണ്ണർ, വിളംബരപ്പെടുത്തുകയും ആയത് 2016-ലെ 6-ാം നമ്പർ ഓർഡിനൻസായി 2016 ആഗസ്റ്റ് 19-ാം തീയതിയിലെ 1464-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2016-ലെ 6-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 8-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിലെ 7-ാം വകുപ്പിന് പകരം ചേർത്ത വകുപ്പ് ആന്വിറ്റി നൽകുന്നതിനോ 8-ാം വകുപ്പ് പ്രകാരമുള്ള മറ്റ് തിരിച്ചടവ് ബാദ്ധ്യതകൾ നൽകുന്നതിനോ ഉണ്ടായിട്ടുള്ള ചെലവുകൾ നേരിടുന്നതിന് വാർഷിക ബജറ്റിൽ സർക്കാർ സമയാസമയങ്ങളിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് എന്നും സർക്കാർ മുൻവർഷം പിരിച്ചെടുത്ത മോട്ടോർ വാഹന നികുതിയുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ട മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗം നിധിയിലേക്കുള്ള വിഹിതമായി നീക്കി വയ്ക്കേണ്ടതും അപ്രകാരമുള്ള വിഹിതം ആദ്യ വർഷത്തിൽ പത്ത് ശതമാനമായിരിക്കുന്നതും ഇത് ഓരോ വർഷവും പത്ത് ശതമാനം വർദ്ധിപ്പിക്കുന്നതും അഞ്ചാമത്തെ വർഷത്തിൽ മോട്ടോർ വാഹന നികുതിയുടെ അമ്പത് ശതമാനംവരെ വർദ്ധിപ്പിക്കുന്നതുമാണ് എന്നും, ഓരോ ലിറ്റർ പെട്രോളിന്മേലും ചുമത്തിയിട്ടുള്ള ഒരു രൂപയിൽ കുറയാതെയുള്ള സെസ്സ് മുൻവർഷകാലയളവിൽ പിരിച്ചെടുത്ത പ്രകാരമുള്ള സെസ്സിൽ നിന്നും സർക്കാർ, നിധിയിലേക്ക് നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

പ്രസ്തുത ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം സർക്കാരിന് സംസ്ഥാന നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമംമൂലം, യഥാവിധിയുള്ള ധനവിനിയോഗംവഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും കാലാകാലങ്ങളിൽ, ഗ്രാന്റുകളും മുൻകൂർ തുകകളും വായ്പകളും നിധിയിലേക്ക് നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ഏകദേശം അഞ്ഞൂറ്റി ഇരുപത് കോടി രൂപയുടെ ആവർത്തക ചെലവും ഏകദേശം പതിനഞ്ചുകോടി രൂപയുടെ അനാവർത്തക ചെലവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണ അധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 2-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 2-ാം വകുപ്പ് (എസി) ഖണ്ഡം പ്രാഥമിക നിക്ഷേപം നടത്തുവാനുള്ള തീരുമാനമെടുത്തതിനുശേഷം പ്രോജക്റ്റിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തേണ്ട മറ്റ് വിവരങ്ങൾ പദ്ധതിയിൽ വ്യക്തമാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 2-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 2-ാം വകുപ്പ് (എഇ) ഉപഖണ്ഡം സാധ്യതാപഠനം നടത്തേണ്ട മറ്റ് വിവരങ്ങൾ പദ്ധതിയിൽ വ്യക്തമാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 7-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 6എ വകുപ്പ് (കെ) ഖണ്ഡം കാലാകാലങ്ങളിൽ ലഭ്യമാകാവുന്ന ബോർഡിലെ അധികം വരുന്ന തുക നിക്ഷേപിക്കുന്ന രീതി പദ്ധതിയിൽ വ്യക്തമാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 7-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 6എ വകുപ്പ് (ഒ) ഖണ്ഡം ബോർഡിന്റെ മറ്റ് അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുവാൻ ബോർഡിനെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 7-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 6എഫ് വകുപ്പ് (3)-ാം ഉപവകുപ്പ് (ബി) ഖണ്ഡം 'വാല്യൂ ഫോർ മണി ടെസ്റ്റ്' പദ്ധതിയിൽ വ്യക്തമാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 7-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 6എഫ് വകുപ്പ് (5)-ാം ഉപവകുപ്പ് പ്രോജക്റ്റുകളുടെ വിശദവിവരങ്ങൾ വ്യക്തമാക്കുന്നതിന് പ്രസിദ്ധീകരിക്കേണ്ട വെബ്സൈറ്റുകൾ പദ്ധതിയിൽ വ്യക്തമാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ബില്ലിലെ 7-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 6എഫ് വകുപ്പ് (9)-ാം ഉപവകുപ്പ് സ്പോൺസറിംഗ് ഏജൻസി, നിർദ്ദേശിക്കപ്പെട്ട പ്രോജക്റ്റിന്റെ വിശദാംശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള മാതൃകയും രീതിയും പ്രോജക്റ്റിനെ സംബന്ധിച്ച റിപ്പോർട്ട് സ്പോൺസറിംഗ് ഏജൻസി തയ്യാറാക്കേണ്ട കാലയളവും വ്യക്തമാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. ബില്ലിലെ 8-ാം ഖണ്ഡപ്രകാരം പകരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 7-ാം വകുപ്പ് (3)-ാം ഉപവകുപ്പ് കാലാകാലങ്ങളിൽ ഗ്രാന്റുകളും മുൻകൂർ തുകകളും വായ്പകളും നിധിയിലേക്ക് നൽകുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ബില്ലിലെ 11-ാം ഖണ്ഡപ്രകാരം പകരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 10-ാം വകുപ്പ് (4)-ാം ഉപവകുപ്പ് ബോർഡിൽ (1)-ാം ഉപവകുപ്പിന് കീഴിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച നിബന്ധനകളും വ്യക്തമാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ പദ്ധതികളുണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങളെയോ വിശദാംശങ്ങളെയോ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ അപ്രകാരമുള്ള പദ്ധതികൾ അല്ലെങ്കിൽ വിജ്ഞാപനങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. ടി. എം. തോമസ് ഐസക്

## 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (2000-ലെ 4-ാം ആക്റ്റ്)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'ബോർഡ്' എന്നാൽ 4-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് എന്നർത്ഥമാകുന്നു;

** ** ** **

(ഇ) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) 'അടിസ്ഥാന സൗകര്യ പദ്ധതികളിൽ' വൈദ്യുത ഊർജ്ജം, റോഡുകൾ, ജലസേചനം, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ജലവിതരണം, ഉൾനാടൻ ഗതാഗതം, ഖരമാലിന്യ നിർമ്മാർജ്ജനം, മലിനജലനിർഗ്ഗമനം മുതലായ മേഖലകളിലുള്ള പദ്ധതികളോ ഇത്തരം ഒന്നോ അതിലധികമോ മേഖലകളിലെ ഒരു വിവിധോദ്ദേശ പദ്ധതിയോ ഉൾപ്പെടുന്നതാണ്;

** ** ** **

(എച്ച്) 'മറ്റു സംരംഭങ്ങൾ' എന്നാൽ സർക്കാരിന്റെ മുതൽമുടക്ക് നാൽപ്പത് ശതമാനത്തിൽ കുറയാതെ ഉള്ളതും, 1956-ലെ കമ്പനി ആക്റ്റി (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) ൻ കീഴിൽ സംയോജിത മേഖലയിൽ സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ള പൊതുമേഖലാ കമ്പനികളെന്നോ, 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റി (1955-ലെ 11) ൻ കീഴിലോ, 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റി (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) ൻ കീഴിലോ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും, അതതു സംഗതിപോലെ, സർക്കാരിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ ഏതെങ്കിലും പൊതുമേഖലാ സംരംഭത്തിനോ അതിന്റെ ആസ്തികളിലും ഉടമസ്ഥാവകാശത്തിലും ഭരണത്തിലും അൻപത് ശതമാനത്തിൽ കുറയാതെ പങ്കാളിത്തമുള്ള സൊസൈറ്റികളെന്നോ എന്നർത്ഥമാകുന്നു;

(ഐ) 'പൊതുമേഖലാ സംരംഭങ്ങൾ' എന്നാൽ 1956-ലെ കമ്പനി ആക്റ്റി (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) ൻ കീഴിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സർക്കാർ കമ്പനിയോ അല്ലെങ്കിൽ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയതും

സർക്കാരിന് അൻപത് ശതമാനത്തിൽ കുറയാതെ ഓഹരി മൂലധനം ഉണ്ടായിരിക്കുകയും, അതിന്റെ കാര്യനിർവ്വഹണത്തിൽ ഗണ്യമായ നിയന്ത്രണം ഉണ്ടായിരിക്കുകയും ചെയ്യുന്നതുമായ ഒരു സഹകരണ സംഘവുമോ എന്നർത്ഥമാകുന്നതും അതിൽ ഒരു നിയമത്തിൻ കീഴിൽ സ്ഥാപിതമായ പൊതുസംരംഭങ്ങളും ഉൾപ്പെടുന്നതുമാകുന്നു;

** ** ** **

(കെ) 'പദ്ധതി' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ പദ്ധതി എന്നർത്ഥമാകുന്നു;

(എൽ) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്ന് അർത്ഥമാകുന്നു;

(എം) 'സംരംഭങ്ങൾ' എന്നാൽ പൊതുമേഖലാ സംരംഭങ്ങളോ സംരംഭങ്ങളോ എന്ന് അർത്ഥമാകുന്നു;

** ** ** **

3. <u>കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ പദ്ധതികളിലെ നിക്ഷേപത്തിനായി ഈ ആക്റ്റിൻകീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും, പദ്ധതി ഉണ്ടാക്കിയശേഷം ഉടൻതന്നെ ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്കനുസൃതമായി ഒരു നിധി രൂപീകരിക്കേണ്ടതുമാകുന്നു.

(2) നിധിയിലേക്ക്,—

(എ) 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ധനസഹായവും;

(ബി) 8-ാം വകുപ്പുപ്രകാരം ബോർഡ് കടം വാങ്ങിയ തുകയും;

(സി) സർക്കാരോ ഏതെങ്കിലും സ്ഥാപനമോ നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകളും;

(ഡി) ബോർഡിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മറ്റു മാർഗ്ഗങ്ങളിൽ കൂടി ബോർഡ് സമാഹരിച്ച ഏതൊരു തുകയും;

(ഇ) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വകകൊള്ളിക്കേണ്ടതായ മറ്റേതെങ്കിലും തുകയും;

വരവു വയ്ക്കേണ്ടതാണ്.

** ** ** **

(3) നിധി, 4-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ നിക്ഷിപ്തമാകുന്നതും നിധിയുടെ ഭരണം ബോർഡ് നിർവ്വഹിക്കേണ്ടതുമാണ്.

(4) നിധി താഴെപ്പറയുന്ന എല്ലാമോ അഥവാ ഏതെങ്കിലുമോ ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ പദ്ധതികളിലെ മുതൽമുടക്കിനായി പണം നൽകുന്നതിന്;

** ** ** **

(സി) നിധിയിലേക്ക് ധനാഗമമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിച്ച ബോണ്ടുകളും കടപ്പത്രങ്ങളും വിടുതൽ ചെയ്യുന്നതിനും;

** ** ** **

(5) (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും സർക്കാരിന്റെ പൊതുഅക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിലോ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ്.

(6) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(7) പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിന്നാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ, പദ്ധതിയിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നപക്ഷം, പദ്ധതിക്ക് അതിനുശേഷം അപ്രകാരം ഭേദഗതി ചെയ്ത വിധത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി, പദ്ധതിപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

4. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണത്തിനും, നിധിയിൽനിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും, നടത്തിക്കൊണ്ടുപോകുന്നതിനുമായി 'കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ്' എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ്, ശാശ്വത പിൻതുടർച്ചാവകാശത്തോടും, പൊതുമുദ്രയോടുംകൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗയോഗമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യേണ്ടതുമാകുന്നു.

(3) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) കേരള സർക്കാരിന്റെ ചീഫ് സെക്രട്ടറി;

(ബി) ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി;

(സി) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി;

(ഡി) ജലസേചന വകുപ്പ് സെക്രട്ടറി;

(ഇ) ആസൂത്രണ വകുപ്പ് സെക്രട്ടറി;

(എഫ്) റവന്യൂ വകുപ്പ് സെക്രട്ടറി;

(ജി) ധനകാര്യ (റിസോഴ്സസ്) വകുപ്പ് സെക്രട്ടറി.

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്ത ഡെവലപ്മെന്റ് ബാങ്കിംഗിൽ പരിചയസമ്പന്നരായ രണ്ട് വ്യക്തികൾ.

(4) ചീഫ് സെക്രട്ടറി ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ്.

(5) ധനകാര്യ (റിസോഴ്സസ്) സെക്രട്ടറി ബോർഡിന്റെ ഫണ്ട് മാനേജർ ആയിരിക്കുന്നതാണ്.

(6) ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണം പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നിർവ്വഹിക്കേണ്ടതാണ്.

(7) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, ഫണ്ടിന്റെ കാര്യക്ഷമമായ ഭരണത്തിനായി ആവശ്യമെന്ന് അത് കരുതുന്ന ഈ ആക്റ്റിൻകീഴിലോ പദ്ധതിയിൻകീഴിലോ ഉള്ള അതിന്റെ അധികാരങ്ങളും ചുമതലകളും അത് നിശ്ചയിക്കുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ഫണ്ട് മാനേജർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

5. <u>അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.</u>—(1) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (എച്ച്) ഖണ്ഡപ്രകാരം നിയമിക്കപ്പെട്ട ഒരു അംഗം സർക്കാരിന് ഇഷ്ടമുള്ള കാലത്തോളം ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (എച്ച്) ഖണ്ഡ പ്രകാരം നിയമിക്കപ്പെട്ട ഏതൊരു അംഗത്തിനും, സർക്കാരിന്, രേഖാമൂലം നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും, എന്നാൽ സർക്കാർ അദ്ദേഹത്തിന്റെ രാജി സ്വീകരിക്കുന്നതുവരെ ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

6. <u>ബോർഡിന്റെ അധികാരങ്ങളും ചുമതലകളും</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബോർഡിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) നിധിയിലേക്ക് വിഭവസമാഹരണം നടത്തുക;

(ബി) പദ്ധതിയനുസരിച്ച് സംരംഭങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുക;

(സി) സഹായം നൽകപ്പെട്ട സംരംഭങ്ങളിൽനിന്നും ബോർഡിനു ലഭിക്കാനുള്ള തുകകൾ വസൂലാക്കൽ പട്ടിക അനുസരിച്ച് ഈടാക്കുക;

(ഡി) സഹായം നൽകപ്പെട്ട ഏതെങ്കിലും സംരംഭങ്ങളിൽ നിന്നുള്ള ഈടാക്കലുകൾ യുക്തമെന്ന് കരുതുന്ന പ്രകാരം ഭേദഗതി ചെയ്യുകയോ, പുനർനിർണ്ണയിക്കുകയോ പുനഃക്രമീകരിക്കുകയോ ചെയ്യുക;

(ഇ) ബോർഡിന്റെ താൽപ്പര്യാർത്ഥം, ആവശ്യവും യുക്തവുമെന്നു കരുതുന്ന പക്ഷം, സഹായം നൽകപ്പെട്ട ഏതെങ്കിലും സംരംഭത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക;

(എഫ്) യാത്രയും, കടങ്ങളിൻമേലുള്ള പലിശയും, ഫീസുകളും, തൊഴിൽപരമായ ചാർജ്ജുകളും, മറ്റ് ചെലവുകളും ഉൾപ്പെടെ നിധിയുടെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും നൽകുക;

(ജി) കാലാകാലങ്ങളിൽ ഉണ്ടാകാവുന്ന ബോർഡിന്റെ മിച്ചംവരുന്ന തുകകൾ പദ്ധതിയിൽ വിനിർദ്ദേശിച്ച പ്രകാരം നിക്ഷേപിക്കുകയും അങ്ങനെയുള്ള നിക്ഷേപങ്ങൾ അനുഭവസിദ്ധമാക്കുകയും ചെയ്യുക;

(എച്ച്) നിധിയിൽനിന്നും ഏതെങ്കിലും സഹായമോ വായ്പയോ ലഭിക്കുന്ന ഏതെങ്കിലും സംരംഭത്തിന്റെ പ്രവർത്തനങ്ങളെ ക്ളിപ്തകാലാടിസ്ഥാനത്തിൽ പുനരവലോകനം ചെയ്യുക ;

(ഐ) സർക്കാരിനുവേണ്ടി, ഈ ആക്റ്റിന്റെ പരിധിക്കുള്ളിൽ, ഏതെങ്കിലും സംരംഭവുമായി ധാരണാപത്രം ഉണ്ടാക്കുകയോ പ്രവർത്തന കരാറുകളിൽ ഏർപ്പെടുകയോ ചെയ്യുക ;

(ജെ) ബോർഡിനുവേണ്ടി കരാറുകളിൽ ഏർപ്പെടുക ;

(കെ) പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുക ;

(എൽ) ഈ ആക്റ്റിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ അതിനെ ഏൽപ്പിക്കാവുന്നതോ ചുമതലപ്പെടുത്താവുന്നതോ ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക ;

(എം) അതിന് നൽകിയിട്ടുള്ളതോ ഏൽപ്പിച്ചു കൊടുത്തിട്ടുള്ളതോ ആയ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായതും ആനുഷംഗികവുമായ എല്ലാ പ്രവർത്തികളും ചെയ്യുക.

7. <u>നിധിയിലേക്കുള്ള ധനസഹായം.</u>—സർക്കാരിന്, സംസ്ഥാന നിയമസഭയുടെ നിയമംമൂലം യഥാവിധിയുള്ള ധനവിനിയോഗംവഴി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകളിൻമേലും വ്യവസ്ഥകളിൻമേലും, കാലാകാലങ്ങളിൽ, ഗ്രാന്റുകളും മുൻകൂർ തുകകളും വായ്പകളും നിധിയിലേക്ക് നൽകാവുന്നതാണ്.

8. <u>കടം വാങ്ങുന്നതിനും നൽകുന്നതിനും ബോർഡിനുള്ള അധികാരം.</u>—(1) ബോർഡിന്, കാലാകാലങ്ങളിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്കു വിധേയമായും, ബോണ്ടുകളോ, കടപ്പത്രങ്ങളോ പുറപ്പെടുവിച്ചുകൊണ്ടോ മറ്റുവിധത്തിലോ അല്ലെങ്കിൽ ബാങ്കുകളോ ഇതിലേക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങളുമായോ ക്രമീകരണങ്ങൾ നടത്തിക്കൊണ്ടോ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഏതു തുകയും കടമായി വാങ്ങാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ബോർഡ് പുറപ്പെടുവിക്കുന്ന ബോണ്ടുകളും കടപ്പത്രങ്ങളും, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി, സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം പുറപ്പെടുവിക്കുകയോ കൈമാറ്റം ചെയ്യുകയോ, കൈകാര്യം ചെയ്യുകയോ, വിടുതൽ ചെയ്യുകയോ ചെയ്യേണ്ടതാണ്.

(3) ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്കും പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള മറ്റു നിബന്ധനകൾക്കും, പരിമിതികൾക്കും വിധേയമായി, ബോർഡിന് സംസ്ഥാനത്ത് നിലവിലുള്ള പൊതുമേഖലാ സംരംഭങ്ങൾക്കോ, മറ്റു സംരംഭങ്ങൾക്കോ അതിന്റെ ഫണ്ടിൽനിന്നും വായ്പകളോ മുൻകൂർ തുകകളോ നൽകാവുന്നതാണ്.

9. വായ്പകൾക്ക് സർക്കാരിന്റെ ജാമ്യം.—(1) 8-ാം വകുപ്പ് പ്രകാരം ബോർഡ് സമാഹരിക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും വായ്പയുടെ മുതലും പലിശയും നൽകുന്നതിനായി സർക്കാരിന് യുക്തമെന്ന് തോന്നുന്ന വിധത്തിലുള്ള ജാമ്യം നൽകാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രകാരം സർക്കാർ പുറപ്പെടുവിച്ച മൊത്തം ജാമ്യത്തുക രണ്ടായിരം കോടി രൂപയിൽ കവിയാൻ പാടുള്ളതല്ല.

** ** ** **

10. ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം.—(1) ഈ ആക്റ്റിൻ കീഴിലുള്ള ചുമതലകളും കർത്തവ്യങ്ങളും നിറവേറ്റുന്നതിന് ബോർഡിനെ സഹായിക്കുന്നതിനായി, സർക്കാരിന്, ആവശ്യമെന്ന് അത് കരുതുന്നത്ര ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേനയോ നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളവും, ബത്തകളും, അച്ചടക്കവും, മറ്റ് സേവന വ്യവസ്ഥകളും പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

** ** ** **

12. ബോർഡിന്റെ അംഗങ്ങളും മറ്റും പബ്ളിക് സർവെന്റ്സ് ആണെന്ന്.—(1) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ബോർഡിന്റെ ഓരോ അംഗവും, ഫണ്ട് മാനേജരും, ബോർഡിന്റെ മറ്റ് ജീവനക്കാരും ഇൻഡ്യൻ ശിക്ഷാ നിയമത്തിന്റെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥപരിധിക്കുള്ളിൽ വരുന്ന പബ്ളിക് സർവ്വന്റ്സ് ആയി കരുതപ്പെടുന്നതാണ്.

** ** ** **

17. അന്വേഷണഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഏത് സമയത്തും ഏതൊരാളേയും ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആൾക്ക് ശരിയായ രീതിയിൽ അന്വേഷണം നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് നൽകേണ്ടതും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ പക്കലുള്ള രേഖകളും കണക്കുകളും വിവരങ്ങളും അദ്ദേഹത്തിന് നൽകേണ്ടതുമാണ്.

** ** ** **

## പട്ടിക

[3(6) വകുപ്പ് കാണുക]

## പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന സംഗതികൾ

1. സംരംഭങ്ങൾക്ക് സഹായത്തിനുള്ള അർഹത
2. സഹായം ഏത് ആവശ്യങ്ങൾക്കൊക്കെ നൽകാമെന്ന്
3. സഹായങ്ങൾ എന്തെല്ലാം തരം നൽകണമെന്ന്
4. പലിശയും പിഴ തുകകളും
5. സഹായത്തിനുള്ള ഈട്
6. മൂല്യനിർണ്ണയവും അനുമതി നൽകുന്നതിനുള്ള നടപടിക്രമവും
7. വിതരണത്തിനുള്ള നടപടിക്രമം
8. ധാരണാ പത്രത്തിനെയോ നിർവ്വഹണ കരാറിനെയോ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ
9. തിരിച്ചു പിടിക്കുന്നതിനുള്ള നടപടിക്രമം
10. മോണിറ്ററിംഗ് സംവിധാനം
11. അധികനിധികളുടെ നിക്ഷേപം
12. ബോർഡിന്റെ യോഗങ്ങളും കോറവും ബോർഡിലെ അംഗങ്ങൾക്കുള്ള ഫീസുകളും ബത്തകളും
13. കണക്കുകൾ സൂക്ഷിക്കേണ്ട രീതിയും ബഡ്ജറ്റ് തയ്യാറാക്കലും കണക്കുകളുടെ ആഡിറ്റും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കലും
14. നിധിയുടെ ഭരണ നിർവ്വഹണത്തിൽ ഉണ്ടാകുന്ന ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള നടപടിക്രമം
15. ബോർഡിന്റെ ജീവനക്കാരുടെ നിയമനരീതിയും ശമ്പളവും ബത്തകളും അച്ചടക്കവും സേവന വ്യവസ്ഥകളും
16. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ആവശ്യമായേക്കാവുന്നതോ യുക്തമായതോ ആയ മറ്റേതെങ്കിലും സംഗതി.